2022 ഡിസംബർ 17

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 34 • പുസ്തകം 41 • ലക്കം 34 • പേജ് 6

## വിശ്വാസിയിൽ ദൈവവചനത്തിന്റെ പ്രാധാന്യം

**വി.പി. ജേക്കബ്, തിരുവനന്തപുരം**

വിശ്വാസിയുടെ ആത്മിക വളർച്ചയ്ക്ക് ഉതകുന്ന ഒരു സുപ്രധാനഘടകമാണ് ദൈവവചനം. ഒരു വിശ്വാസി ഏതളവിൽ ദൈവവചനം വായിക്കുമോ ആ അളവിലായിരിക്കും അവൻ ആത്മികമായി ആകൃതിപ്പെടുന്നത്. ഒരു മനുഷ്യൻ തുടർച്ചയായി വായിക്കുന്ന സാഹിത്യം ക്രമേണ അവനെ സ്വാധീനപ്പെടുത്തുകയും ആകൃതിപ്പെടുത്തുകയും ചെയ്യും എന്നത് തീർച്ചയാണ്. വിശ്വാസിയുടെ ജീവിതവും ദൈവവചനവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്.

> **പുതിയ പ്രകൃതിയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള ദൈവദത്തമായ ആഹാരമാണ് തിരുവചനം. ഈ ഭക്ഷണം കഴിക്കുന്ന അളവിൽ മാത്രമേ ഒരു വിശുദ്ധൻ വളരുകയും പ്രബലപ്പെടുകയും ചെയ്കയുള്ളൂ. ദൈവവചനം ധാരാളമായി വായിക്കയും ധ്യാനിക്കയും ഭുജിക്കയും ചെയ്യാത്ത വിശ്വാസി മോക്ഷയാത്രയിൽ ക്ഷീണിച്ച് തണുത്ത് തളർന്നുവീഴുന്നത് ആശ്ചര്യമല്ല.**

വീണ്ടും ജനനത്തിനുള്ള ഉപകരണം തിരുവചനമാണ്. “നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യ ഫലമാകേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു” (യാക്കോ. 1:18). “കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നേ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു” (1 പത്രൊ. 1:23). പുതുജനനം കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല എന്ന് യേശുക്രിസ്തു ഖണ്ഡിതമായി ഉപദേശിച്ചു. മനുഷ്യപ്രമാണങ്ങൾക്ക് അപവാദങ്ങളുണ്ടെങ്കിലും ഈ പ്രമാണത്തിന് അപവാദമില്ല. ക്രൂശിതനായ ദൈവപുത്രനിലുള്ള വിശ്വാസമാണ് വീണ്ടും ജനനത്തിനുള്ള ഏകവ്യവസ്ഥ. ത്രിയേക ദൈവത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാണ് മനുഷ്യഹൃദയത്തിൽ പ്രവർത്തിച്ച് വീണ്ടും ജനനം ഉളവാക്കുന്നത്. അതിന് ഉപയോഗിക്കുന്ന ഉപകരണം ദൈവവചനവും.

വിശ്വാസിയിൽ, പുതുജനനം മൂലം ഉണ്ടാകുന്ന ദൈവപ്രകൃതിക്കുള്ള പോഷണം ദൈവവചനമാണ്. “ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ”(1 പത്രൊ. 2:1-3). “വചനം എന്ന മാനസികക്ഷീരം” എന്നാണ് ജെ.എൻ. ഡാർബിയുടെ പരിഭാഷ. “ആത്മികക്ഷീരം” എന്നാണ് സുറിയാനി പെഷിറെറായിൽ നിന്നുള്ള ഭാഷാന്തരം. പാൽ കുടിക്കുന്നതിനുള്ള പുതിയ ശിശുവിന്റെ ആവേശം സുപ്രസിദ്ധമാണ്. ഈ ആവേശം മൃഗങ്ങളിലും കാണാം. ദൈവവചനം മൂലം ഉളവായ പുതിയ മനുഷ്യന് അഥവാ പുതിയ പ്രകൃതിക്ക് ഭക്ഷണവും ദൈവവചനം തന്നെയാണ്. ഒരുവൻ വീണ്ടും ജനിക്കുമ്പോൾ അവനിലുള്ള പഴയ മനുഷ്യൻ അഥവാ പ്രകൃതി ഉൽപാടനം ചെയ്യപ്പെടുന്നില്ല. അങ്ങനെ പഴയ പ്രകൃതിക്ക് ഉന്മൂലനാശം ഭവിക്കുന്നെല്ലങ്കിൽ ക്രിസ്തീയ ജീവിതം പോരാട്ടമാകുന്നത് എങ്ങനെ? പുതിയ പ്രകൃതി മാത്രമുള്ള ഒരു ജീവിതം പൂമെത്തമേലുള്ള ഒരു ജീവിതമായിരിക്കും. എന്നാൽ വസ്തവം നേരെ മറിച്ചാണ്. റിബേക്കയുടെ ഗർഭപാത്രത്തിലെ ഇരട്ട ശിശുക്കളെപ്പോലെ വിശ്വാസിയിൽ പരസ്പര വിരുദ്ധങ്ങളായ പഴയ പുതിയ പ്രകൃതികൾ സ്ഥിതി ചെയ്യുന്നതുകൊണ്ടാണ് ക്രിസ്തീയ ജീവിതം ആജീവനാന്തആയോധനമായിരിക്കുന്നത്. പുതിയ പ്രകൃതിയെ പോഷിപ്പിച്ച് വളർത്തി പഴയതിനെ അടക്കി ഒതുക്കണം. പുതിയ പ്രകൃതിയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള ദൈവദത്തമായ ആഹാരമാണ് തിരുവചനം. ഈ ഭക്ഷണം കഴിക്കുന്ന അളവിൽ മാത്രമേ ഒരു വിശുദ്ധൻ വളരുകയും പ്രബലപ്പെടുകയും ചെയ്കയുള്ളൂ. ദൈവവചനം ധാരാളമായി വായിക്കയും ധ്യാനിക്കയും ഭുജിക്കയും ചെയ്യാത്ത വിശ്വാസി മോക്ഷയാത്രയിൽ ക്ഷീണിച്ച് തണുത്ത് തളർന്നുവീഴുന്നത് ആശ്ചര്യമല്ല.

ദൈവവചനം വിശ്വാസിയുടെ വഴികാട്ടിയാണ്. “നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്ക് പ്രകാശവും ആകുന്നു” (സങ്കീ 119:105). ഇടറാതെ യാത്ര ചെയ്യുന്നതിന് കാലിന് ദീപം വേണം. “അതിനു യേശു: പകലിനു പന്ത്രണ്ടു മണി നേരം ഇല്ലയോ? പകൽസമയത്ത് നടക്കുന്നവൻ ഈ ലോകത്തിന്റെ വെളിച്ചം കാണുന്നതുകൊണ്ട് ഇടറുന്നില്ല. രാത്രിയിൽ നടക്കുന്നവനോ അവന് വെളിച്ചം ഇല്ലായ്കകൊണ്ട് ഇടറുന്നു എന്ന് ഉത്തരം പറഞ്ഞു” (യോഹ. 11:910). “തന്റെ ദൈവത്തിന്റെ ന്യായപ്രമാണം അവന്റെ ഹൃദയത്തിൽ ഉണ്ട്; അവന്റെ കാലടികൾ വഴുതുകയില്ല” (സങ്കീ. 37:31). കാലടികൾ ഇടറാതെ -വഴുതാതെ പ്രയാണം ചെയ്യുന്നതിന് കാലിന് ദീപം കൂടിയേ തീരു. “ഈ ലോകത്തിന്റെ വെളിച്ചം” എന്നു കർത്താവു പറഞ്ഞു. ഈ ലോകത്തിന്റെ വെളിച്ചം ഉണ്ടെങ്കിൽ ആ ലോകത്തിന്റെ വെളിച്ചവും ഉണ്ട്. അന്ധകാരം, കൂരിരുട്ട് എന്നിവയാൽ ആവൃതമായ ഈ ലോകത്തിൽ കൂടി പിതൃഭവനം ലക്ഷ്യമാക്കി മോക്ഷയാത്ര ചെയ്യുന്ന പരദേശിയുടെ ഓരോ ചുവട്ടടിയിലും സ്വർഗ്ഗീയവെളിച്ചം വീശുന്ന ദീപമാണ് ദൈവവചനം.

▶▶ ശേഷം 4-ാം പേജിൽ

പ്രാർത്ഥിക്കുക... ഒരുങ്ങുക... കടന്നുവരിക....

**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2023**

ആഗസ്റ്റ് 28, 29, 30, 31 (തിങ്കൾ മുതൽ വ്യാഴം വരെ)

ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി) 984700069

## ആലയത്തെ അശുദ്ധമാക്കുന്ന ബന്ധങ്ങൾ

**കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ**

നെഹെ-13:1-31. നെഹമ്യാവിന്റെ നവീകരണപ്രവർത്തനങ്ങൾ വിവരിക്കുന്നു. വിശുദ്ധമായി ദൈവത്തെ ആരാധിക്കുന്ന സ്ഥാനമാണ് ദേവാലയം. ഇന്ന് അത് കള്ളന്മാരുടെ ഗുഹയാക്കി മാറ്റുന്നു.

> **ദൈവാലയത്തിൽ അശുദ്ധമായതൊന്നും വരാനും അപശബ്ദങ്ങൾ ഒന്നും കേൾക്കാനും പാടില്ല. അതിനാൽ വെട്ടുകുഴിയിൽ വെച്ചു തന്നെ കുറവുതീർത്ത കല്ലുകൊണ്ട് ആലയം പണിതു (1 രാജ. 6:7)**

ദൈവജനത്തിന്റെ അധഃപതനം ഇവിടെ കാണാം. ദൈവവും, ദൈവാലയവും, യാഗവും ദൈവജനവുമായി അനുദിനം ബന്ധം പുലർത്തേണ്ട മഹാപുരോഹിതൻ അന്യജാതിക്കാരനുമായി ചേർന്ന് അരുതാത്ത കാര്യം ചെയ്യാൻ മടിക്കുന്നില്ല. നേതൃത്വത്തിന്റെ അഭാവം ദൈവജനം നേർവഴി വിട്ടുമാറുവാൻ ഇടയായി. ന്യായാ. 21:25 ൽ അന്ന് യിസ്രയേലിൽ രാജാവില്ലായിരുന്നു. ജനം ബോധിച്ചതുപോലെ നടന്നു. അമോന്യരും മോവാബ്യരും 10-ാം തലമുറ പോലും ദൈവസന്നിധിയിൽ വരാൻ പാടില്ല എന്ന ദൈവവ്യവസ്ഥ അവഗണിച്ചുകൊണ്ട് തോബിയാവുമായി എല്യാശീബ് പുരോഹിതൻ ബന്ധം കൂടി. നിങ്ങൾ അവിശ്വാസികളുമായി ഇണയല്ലാപിണ കൂടരുത്. 2 കൊരി. 6:14 എന്ന വ്യവസ്ഥ ലംഘിച്ചു. വ്യക്തികളിലെ ബന്ധം കുടുംബത്തിൽ, സഭയിൽ ദൈവാലയത്തിൽ കടന്നുവന്നു. ദൈവീകകാര്യത്തിനുമാത്രം ഉപയോഗിക്കേണ്ട ദൈവാലയത്തിലെ വലിയ അറ തോബിയാവിന് താമസിക്കാൻ പുരോഹിതൻ ഒരുക്കിക്കൊടുത്തു നെഹെ 13: 4-14. ക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ചിട്ടുള്ള എല്ലാ വിശ്വാസികളും ദൈവം വസിക്കുന്ന മന്ദിരമാണ് കൊരി. 3:16, 6:19, കൊരി. 6:16. നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ, ദൈവാലയത്തിൽ യാതൊരു അശുദ്ധിയും, അന്യജാതിക്കാരും വസിപ്പാൻ പാടില്ല. തോബിയാവ് എന്ന വാക്കിന് - ദൈവം നല്ലവൻ എന്നർത്ഥം. നല്ല പേരുണ്ടെങ്കിലും ദൈവത്തിന്റെ നന്മ ഉള്ളിൽ വസിക്കാത്തവൻ. അവൻ മറ്റുള്ളവരുടെ നന്മ കൂടി കെടുത്തിക്കളയുന്നു. ചത്ത ഈച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു. തോബിയാവ് യഹൂദ പ്രഭുക്കന്മാർക്കും മറ്റുള്ളവർക്കും മതിപ്പുള്ള നേതാവായിരുന്നു. അവന് എതിര് പറവാൻ ആരുമുണ്ടായിരുന്നില്ല നെഹെ. 6:17, 18, ലൂക്കോ. 16: 8. അവൻ ദൈവജനത്തിൽ നിന്നും അകന്നവനല്ല. അവനും അവരുടെ കൂടെയാണ്. പുരോഹിതന്റെ മകളെ തോബിയാവിന്റെ മകൻ വിവാഹം ചെയ്ത് ബന്ധുവായതിനാൽ അവനെ എതിർക്കുവാൻ പുരോഹിതന് കഴിഞ്ഞില്ല. ഇങ്ങനെയുള്ളവർ സഭയ്ക്കുള്ളിലും കടന്ന് ഭരണകാര്യങ്ങളിലും ഇടപെടുന്നു. ദൈവനാമമഹത്വം ആഗ്രഹിക്കുന്ന ആത്മീകർ അത് അനുവദിക്കാൻ വിസമ്മതിക്കുന്നെങ്കിലും അവർ വകവെയ്ക്കുന്നില്ല. സഭയിൽ പ്രശ്നം ഉണ്ടാകാതിരിപ്പാൻ ചിലതൊക്കെ നീറുന്ന ഹൃദയത്തോടെ മൗനമായി അനുവദിക്കുന്നു. എന്നാൽ നെഹമ്യാവ് കർക്കശമായി എതിർത്തുനിന്നു. തോബായാവിന് ദൈവാലയത്തിൽ പ്രവേശനം ലഭിച്ചപ്പോൾ തന്റെ ഇഷ്ടത്തിനും സൗകര്യത്തിനും അനുസാരമായി ആലയശുശ്രൂഷകൾക്ക് മാറ്റം വരുത്തി. സാധനസാമഗ്രികൾക്ക് സ്ഥാനമാറ്റം വരുത്തി. എല്യാശീബ് പുരോഹിതൻ തോബിയാവിന്റെ ബന്ധുവായതിനാൽ തനിക്ക് ഒന്നും പറവാൻ കഴിഞ്ഞില്ല. പുരോഹിതന്റെ മകൻ സൽബല്ലത്തിന്റെ മകളെയും, തോബിയാവിനോടും ഇണയല്ലാപിണകൂടിയിരുന്നു. സമൂഹത്തിലെ ഉന്നതരായ രണ്ടു വ്യക്തികളുമായുള്ള വിവാഹബന്ധം പുരോഹിതൻ വലുതും അഭിമാനമായും കരുതിയിരുന്നു. എന്നാൽ താൻ ആരാണെന്നും എന്താണെന്നും പുരോഹിതൻ ഓർത്തില്ല. ദൈവത്തെക്കാൾ ലോകത്താലുള്ള മാനം അവൻ ആഗ്രഹിച്ചു. ദൈവാലയത്തിലെ ആരാധനാചടങ്ങിനോ ശുശ്രൂഷകൾക്കോ, ഒരു കുറവും വരാതെ മുറപോലെ എല്ലാം പതിവുപോലെ നടക്കുന്നു. ശക്തനായ ഒരു നേതാവ് തനിക്ക് അനുകൂലമായി അടുത്തുള്ളതിനാൽ ആരെയും ഭയപ്പെടാതെ ജീവിക്കാമല്ലോ എന്ന് പുരോഹിതൻ കരുതിക്കാണും. ദൈവാലയത്തിൽ അശുദ്ധമായതൊന്നും വരാനും അപശബ്ദങ്ങൾ ഒന്നും കേൾക്കാനും പാടില്ല. അതിനാൽ വെട്ടുകുഴിയിൽ വെച്ചു തന്നെ കുറവുതീർത്ത കല്ലുകൊണ്ട് ആലയം പണിതു (1 രാജ. 6:7). ശൗൽ രാജാവ് ദൈവകല്പന മറുത്ത് കൊഴുത്തതിനെയും ഉത്തമമായതിനെയും, രാജാവിനെയും പിടിച്ചുകൊണ്ടുവന്നു. ആലയത്തിൽ നിറച്ചു. ഒരു കുളമ്പുപോലും ശേഷിപ്പിക്കരുതെന്ന കൽപ്പന ഉണ്ടായിരുന്നു. ശമുവേൽ വന്നപ്പോൾ “ഞാൻ ദൈവത്തിന്റെ കൽപ്പന നിവർത്തിച്ചിരിക്കുന്നു” എന്ന് ശൗൽ പറഞ്ഞു. എന്നാൽ “എന്റെ ചെവിയിൽ എത്തുന്ന ആടുകളുടെ കരച്ചിലും കാളകളുടെ മുക്കുറയും എന്ത്” എന്ന് ശമുവേൽ ചോദിച്ചു 1 ശമു. 15:14. ഇക്കാലങ്ങളിൽ പല തോബിയാക്കന്മാരും, ശൗൽമാരും നമ്മുടെ ഹൃദയത്തിലും സഭകളിലും സ്ഥാനം പിടിച്ചിരിക്കുന്നു. നാം അനുഗ്രഹിക്കപ്പെടേണ്ടതിന് അവയെ മാറ്റിക്കളയണം. അതിന് ചില നെഹമ്യാവുമാർ സഭയിൽ എഴുന്നേൽക്കണം. വിശ്വാസി എന്ന പേരിൽ കർതൃമേശയിൽ പങ്കെടുത്തപ്പോഴും ലോകജാതികളെപ്പോലെ മുഹൂർത്തം, രാഹുകാലം, ശകുനം നോക്കുക, വാസ്തു നോക്കുക അങ്ങനെ ജാതികളുടെ ആചാരങ്ങളും, ആഘോഷങ്ങളും അനുകരിച്ച് ലോകത്തിന് അനുരൂപമായി മാറുന്നു. ആരുമായും കൂട്ടുചേരാൻ ഒരു മടിയുമില്ല. നമ്മുടെ കൂടിവരവുകളെ മുടക്കിയിട്ട് വിവാഹപാർട്ടികൾക്കും, മറ്റ് നിസാര ഭൗമികകാര്യങ്ങൾക്കും പോകാൻ മടിക്കുന്നില്ല. ജീവിതത്തിൽ വിശുദ്ധിയും വേർപാടും അനുഷ്ഠിക്കുന്നില്ല.

▶▶ ശേഷം 2-ാം പേജിൽ

എഡിറ്റോറിയൽ പേജ് 2 | 2 ശമുവേൽ പേജ് 3 | യുവലോകം പേജ് 4 | മഹത്വത്തിൽ പേജ് 5 | ചിന്ത പേജ് 6

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2022 ഡിസംബർ 17/ പുസ്തകം 41 ലക്കം 34

എഡിറ്റോറിയൽ

# അനുഗ്രഹം വഴി തേടിനടക്കുമ്പോൾ ...

ദൈവം നേരിട്ട് ഇടപെട്ടിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മനുഷ്യരിലൂടെ പ്രവർത്തിക്കുവാൻ താൻ കൂടുതൽ ആഗ്രഹിക്കുന്നു. അബ്രഹാമിനെ ദൈവം അനുഗ്രഹിക്കുമ്പോൾ, 'നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും' എന്നാണ് പറഞ്ഞത്. അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ സകലവംശങ്ങൾക്കുമുള്ള അനുഗ്രഹം ഒരു നദി പോലെ ഒഴുകിയെത്തി.

അനുഗ്രഹത്തിന് ഒരു ചാനലാകുവാൻ ദൈവം ചിലരെ തെരഞ്ഞെടുക്കുന്നു; അത് അവരോടുള്ള കൃപയും ലോകത്തോടുള്ള കരുണയുമാണ്.

വൈദ്യുത കേബിളുകളിൽ മിക്കവാറും ചെമ്പുകമ്പികളാണ് ഉപയോഗിച്ചിരിക്കുന്നത്. കാരണം, അത് ഒരു നല്ല ചാലകമാണ്. നല്ല ഒരു ചാലകത്തിനു മാത്രമേ ശക്തിയെ പ്രവഹിപ്പിച്ച് ദൂരേക്ക് കൊണ്ടുപോകാനാവുകയുള്ളൂ. മറ്റുള്ളവരിലേക്കുള്ള അനുഗ്രഹങ്ങൾക്ക് നാം ഒരു മാധ്യമമാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവിക അനുഗ്രഹങ്ങൾ നമ്മിലെത്തി അവിടെത്തന്നെ നിന്നുപോകുവാൻ ഇടയാകരുത്-അത് ആത്മിക അനുഗ്രഹമാണെങ്കിലും ഭൗമിക നന്മയാണെങ്കിലും മറ്റുള്ളവരിലേക്ക് ഒഴുകണം. അതായത്, നമുക്ക് ലഭിച്ച അനുഗ്രഹം നാം പൂഴ്ത്തിവയ്ക്കരുത്. താലന്തുകളുടെ ഉപമയിൽ ഒരു താലന്തു ലഭിച്ച വ്യക്തി അത്തരക്കാരുടെ ഒരു പ്രതിനിധിയായി നിലകൊള്ളുന്നു.

നല്ല ശമര്യാക്കാരന്റെ ഉപമയിൽ, ആക്രമിക്കപ്പെട്ട വഴിയാത്രക്കാരന് സഹായമാകാൻ ലേവ്യനോ പുരോഹിതനോ കഴിയാതിരുന്ന സന്ദർഭത്തിൽ, അന്യജാതിക്കാരനും യഹൂദനു തൊട്ടുകൂടായ്മയുള്ളവനുമായ ശമര്യാക്കാരൻ ഒരു സഹായിയായിത്തീർന്നു. അയാൾ, അയാൾക്ക് ദൈവകൃപയാൽ ലഭിച്ച അനുഗ്രഹങ്ങൾ പങ്കുവയ്ക്കുവാൻ തയ്യാറായി-പണവും സമയവും എല്ലാം. നമുക്ക് ലഭിച്ച സന്തോഷം നാം മറ്റുള്ളവരുമായി പങ്കുവയ്ക്കണം.

**മറ്റുള്ളവരിലേക്കുള്ള അനുഗ്രഹങ്ങൾക്ക് നാം ഒരു മാധ്യമമാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവിക അനുഗ്രഹങ്ങൾ നമ്മിലെത്തി അവിടെത്തന്നെ നിന്നുപോകുവാൻ ഇടയാകരുത്– അത് ആത്മിക അനുഗ്രഹമാണെങ്കിലും ഭൗമിക നന്മയാണെങ്കിലും മറ്റുള്ളവരിലേക്ക് ഒഴുകണം.**

"നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനു തക്കവണ്ണം നിന്റെ സ്വമേധാ ദാനങ്ങൾ അവന് അർപ്പിക്കേണം.... നീയും നിന്റെ പുത്രനും പുത്രിയും, നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിലുള്ള ലേവ്യനും നിന്റെ ഇടയിലുള്ള പരദേശിയും അനാഥനും വിധവയും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ സന്തോഷിക്കണം" (ആവർത്തനം 16:11).

സന്തോഷം മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതെങ്ങനെയാണെന്ന് യഹോവ യിസ്രായേൽ മക്കളെ പഠിപ്പിക്കുന്നതു നോക്കുക: കാണാതെ പോയ ആടിനെ തിരികെ ലഭിച്ചപ്പോഴും കാണാതെ പോയ ദ്രഹ്മ കണ്ടുകിട്ടിയപ്പോഴും നഷ്ടപ്പെട്ട മകൻ മടങ്ങിവന്നപ്പോഴും അതതു ഭവനങ്ങളിലെ സന്തോഷം അയൽവാസികളും സ്നേഹിതരുമായി പങ്കുവയ്ക്കുന്നത് നോക്കുക. പങ്കുവയ്ക്കുന്നത് ഒട്ടും ഇഷ്ടപ്പെടാത്തവൻ മൂത്ത പുത്രനെപ്പോലെ പുറത്തു നിന്ന് പിറുപിറുക്കും. അങ്ങനെയുള്ളവർക്ക് ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന് ഇനി ഒരു ആട്ടിൻകുട്ടിയെപ്പോലും ലഭിച്ചെന്നുവരികയില്ല.

67-ാം സങ്കീർത്തനത്തിന്റെ ആരംഭത്തിൽ 'ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ' എന്നു പറഞ്ഞിട്ട് 'സകല ജാതികളും നിന്നെ സ്തുതിക്കും' എന്നും പറയുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുന്നതിലൂടെ സകലജാതികളും (മറ്റുള്ളവർ) ദൈവത്തെ സ്തുതിക്കുന്നതെങ്ങനെ? ആ അനുഗ്രഹം മറ്റുള്ളവരിലേക്ക് ഒഴുകിച്ചെല്ലുന്നതിലൂടെയാണ്. സൈന്യം ഓടിപ്പോയ അരാംപാളയത്തിലേക്ക് യാദൃച്ഛികമായി എത്തിയ നാലു കുഷ്ഠരോഗികൾ ആവശ്യത്തിലധികം തിന്നുകുടിച്ചശേഷം വെള്ളിയും പൊന്നും എടുത്ത് തങ്ങൾക്കുവേണ്ടി ഒളിച്ചുവെച്ചപ്പോഴുണ്ടായ കുറ്റബോധമാണ് ഇന്ന് നമുക്കും ഉണ്ടാകേണ്ടത്. കഠിനക്ഷാമത്താൽ വിശപ്പുകൊണ്ട് പൊറുതിമുട്ടിയ തങ്ങളുടെ സഹോദരസമൂഹത്തെ അവർ ഓർത്തു. അങ്ങനെ ആ നാലാളിലൂടെ വലിയ അനുഗ്രഹം യിസ്രായേലിലേക്ക് ഒഴുകിയെത്തി; ഒരു ജാതി മുഴുവനും അതിന്റെ ഗുണഭോക്താക്കളായി.

കർത്താവിൽ പ്രിയരേ, നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നമുക്ക് മാത്രമുള്ളതല്ല; അത് മറ്റുള്ളവർക്ക് കൂടിയുള്ളതാണ്. ഈ അവബോധം പുതുവർഷത്തിലേക്ക് പദമൂന്നുവാൻ കാത്തിരിക്കുന്ന നമ്മിൽ ജ്വലിച്ചു നിൽക്കട്ടെ. ലോകത്തിന്റെ ആവശ്യം മനസ്സിലാക്കുവാൻ തക്ക വിശാലതയില്ലെങ്കിൽ അയൽക്കാരന്റെ ആവശ്യമെങ്കിലും അറിയുക. അനുഗ്രഹത്തിന്റെ ഒരു ചാനലാകുവാൻ സ്വയം സമർപ്പിക്കുന്നിടത്ത് സൗഭാഗ്യത്തിന്റെ പുതുവർഷം നമ്മെ തേടിയെത്തും.

**സാമുവൽ തോമസ്**

# മണ്ണാരത്തറ കൺവൻഷൻ

ദൈവഹിതമായാൽ മണ്ണാരത്തറ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2023 ജനുവരി 5 വ്യാഴം മുതൽ 8 ഞായർ വരെ മണ്ണാരത്തറ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് സുവിശേഷയോഗങ്ങൾ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

കർത്തൃദാസന്മാരായ **ജോൺകുര്യൻ കോട്ടയം, ജെയിംസ് എം. തോമസ് നെടുമ്പാശേരി** എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നു. യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കയും പങ്കെടുക്കുകയും ചെയ്യുക.

സഭയ്ക്ക് വേണ്ടി : **ടി. കെ. ചാക്കോ, ജോൺമാത്യു .**

▶▶ 1-ാം പേജ് തുടർച്ച

# ആലയത്തെ അശുദ്ധമാക്കുന്ന ബന്ധങ്ങൾ

നെഹമ്യാവ് ഏകനായി തോബിയാ പ്രവൃത്തികൾക്കെതിരെ നിന്ന് പ്രവർത്തിച്ചു. അവൻ ഭൂരിപക്ഷത്തെ ആദരിക്കുകയോ ഭയപ്പെടുകയോ ചെയ്തില്ല. അവൻ ദൈവത്തിൽ ധൈര്യപ്പെട്ട് ഉറച്ചു നിന്നു. ദൈവഹിതപ്രകാരം തോബിയാവിനെ ഭയപ്പെടാതെ ദൈവാലയത്തിൽ നിന്നും പുറത്താക്കി. സാമാനങ്ങളെല്ലാം പുറത്തെറിഞ്ഞു. ശുദ്ധീകരണം വരുത്തി. എല്യാശീബ് പുരോഹിതന് തോബിയാവുമായി പെട്ടെന്നുള്ള ബന്ധമല്ല. ചെറിയ അടുപ്പം ക്രമേണ വർദ്ധിച്ച് ദൈവാലയത്തിനുള്ളിൽ വരെ സ്ഥാനമുറപ്പിക്കാനായി. റോമ. 5: 12-2 വരെ പാപത്തിന്റെ പടിപടിയായുള്ള വർദ്ധനവ് കാണാം. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. പാപം കടന്നു, പരന്നു, പെരുകി, വാണു പാപത്തിന്റെ ക്രമാനുഗതമായ വളർച്ച. സങ്കീ. 1:1 ൽ ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കുന്നു. പാപികളുടെ വഴിയിൽ നിൽക്കുന്നു. അവർ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. അവർ ലോകത്തിന് അനുരൂപമായി മാറിയാലും മനസാക്ഷി അവരെ കുറ്റം വിധിക്കുന്നില്ല. അവർ അമിതഭക്തരെന്ന് ഭാവിക്കുന്നു. അവർക്ക് കുറ്റബോധവും യാതൊരു ഭാരവും തോന്നുന്നില്ല. ആത്മിക കൂടിവരവുകളും ആരാധനയും മറ്റ് ആത്മിക കാര്യങ്ങളും ഇക്കൂട്ടർ വിലമതിക്കാറില്ല. ഇത് മാറ്റിവെച്ചാലും ലോകപ്രകാരമുള്ള എല്ലാ കാര്യത്തിനും അതീവതാത്പര്യം കാണിക്കുന്നു. ആത്മികർ ചെയ്യുന്ന എല്ലാ കാര്യത്തിനും ഇവർ കുറ്റം കണ്ടുപിടിക്കുകയും അവരുടെ നീതിയെ വ്യാജമായി മറുതലിച്ച് അവഹേളിക്കുകയും ചെയ്യുന്നു. സാമ്പത്തിക ഉയർച്ചയുടെയും, കായിക കഴിവുകളുടെയും സ്വാധീനത്തിന്റെ അതിപ്രസരം ക്രിസ്തുവിനെ ജീവിതത്തിൽ നിന്നും പുറത്താക്കുന്നു. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു. വേദപുസ്തകം അവർക്ക് കാഴ്ചവസ്തു മാത്രം. അവർ വചനം വായിക്കുകയോ, ധ്യാനിക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യുന്നില്ല. വെറും കന്നുകാലികളെപ്പോലെ തന്നെ. അവരുടെ വാതിൽക്കൽ നിന്ന് കർത്താവ് മുട്ടി വിളിക്കുന്നു. മടങ്ങിവരുമോ? നെഹമ്യാവ് തിരിച്ചുവന്നപ്പോൾ (നെഹ. 13:8-11) കണ്ട കാഴ്ച അവനെ വ്യാകുലപ്പെടുത്തി. അവൻ രോഷാകുലനായി. ദൈവാലയത്തിൽ നിന്ന് തോബിയാവിന്റെ സാമാനങ്ങളെല്ലാം പുറത്തെറിഞ്ഞ് അറ ശുദ്ധീകരിച്ചു. ദൈവാലയശുശ്രൂഷയ്ക്ക് ആവശ്യമായതെല്ലാം അവിടെ വീണ്ടും നിറച്ചു. തോബിയാവ് ശുശ്രൂഷയിൽ നിന്നും മാറ്റിക്കളഞ്ഞ ലേവ്യരെയും സംഗീതക്കാരേയും നെഹമ്യാവ് തിരികെ കൊണ്ടുവന്ന് അതാതു സ്ഥാനത്ത് നിയമിച്ച് ശുശ്രൂഷകൾ പുനരാരംഭിച്ചു. നമ്മിലെ നിഗളത്തെയും മുറുകെ പറ്റുന്ന പാപത്തെയും വിട്ടുകളഞ്ഞ് പരമാർത്ഥഹൃദയത്തോടെ കർത്താവിന് എല്ലാ മഹത്വവും കൊടുത്തുകൊണ്ട് വിശുദ്ധിയിലും ഭയഭക്തിയിലും ആരാധിക്കാം. നമ്മുടെ ശരീരം പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവത്തിന്റെ മന്ദിരമാണ്. അവിടെ നിന്ന് ഹൃദയത്തിന്റെ ആഴത്തിൽ നിന്നുയർന്നുവരുന്ന സ്തുതിസ്തോത്രങ്ങൾ ഉണ്ടാകണം. സങ്കീ. 118:15 ൽ ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാൻമാരുടെ കൂടാരങ്ങളിലുണ്ട്. നാം വിവേകമുള്ളവരായി ഭേദാഭേദങ്ങളെ തിരിച്ചറിഞ്ഞ് ദൈവഹിതപ്രകാരം ജീവിക്കണം. ദൈവഹിതമല്ലാത്തതൊന്നും നമ്മിൽ നിന്നുണ്ടാകാതെ സൂക്ഷിക്കുക. എന്നുള്ളമാകുന്ന ദൈവാലയത്തിൽ നിന്ന് വിശുദ്ധിയും പാവനവുമായ ആരാധന ഉയരണം. ലോകം നമ്മിലായാൽ നമ്മെ നരകതുല്യരാക്കും. അശുദ്ധമായതൊന്നും നമ്മെ ആർഷിക്കാതിരിക്കട്ടെ. ദിനവും ദൈവവുമായി നിരന്തര ബന്ധമുള്ളവരായിരിക്കാം. ആലയത്തെ അശുദ്ധമാക്കുന്ന ബന്ധങ്ങൾ ഉണ്ടാവാതിരിക്കട്ടെ. ●

# ധ്വനി ബൈബിൾ ക്വിസ് – 33

## ന്യായാധിപന്മാരുടെ പുസ്തകം ശരിയുത്തരങ്ങൾ

1. ഗിബെയയിലെ പട്ടണം (ന്യായാധിപന്മാർ 20:10-11)
2. മിദ്യാന്യർ (ന്യായാധിപന്മാർ 6:5-6)
3. അമോര്യരുടെ (ന്യായാധിപന്മാർ 11:23-24)
4. കാനാന്യർ / ദേശവാസികൾ (ന്യായാധിപന്മാർ 2:2-3)
5. ബേത്‌ലഹേമിൽ നിന്നു വരുന്ന ലേവ്യൻ (ന്യായാധിപന്മാർ 17:9)
6. യഹോവയുടെ അടുക്കൽ വരാത്തവൻ മരണശിക്ഷ അനുഭവിക്കണം (ന്യായാധിപന്മാർ 21:5)
7. ലേഹിയിൽ (ന്യായാധിപന്മാർ 15:19)
8. യുദ്ധം അറിഞ്ഞിട്ടില്ലാത്ത യിസ്രായേൽ ജനത്തെ പരീക്ഷിക്കേണ്ടതിന് ജാതികളെ അവരുടെ ഇടയിൽ നിന്ന് നീക്കിയില്ല (ന്യായാധിപന്മാർ 3:1-2)
9. യെരുശലേം (ന്യായാധിപന്മാർ 19:10)
10. ഗിദെയോൻ (ന്യായാധിപന്മാർ 7:14)

## എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

| | |
|---|---|
| 1. ആലീസ് സാം, കല്ലിശ്ശേരി | 2. മേരി പി. മാമ്മൻ, കല്ലിശ്ശേരി |
| 3. ഡെയ്സി ജോസ്, മാവേലിക്കര | 4. ആലിസ് കോര, കോട്ടയം |
| 5. ജോളി രാജൻ, ബാംഗ്ലൂർ | 6. ജോളി മാത്യു, കലഞ്ഞൂർ |
| 7. മോളിക്കുട്ടി ബാബു, കരിക്കാട് | 8. ജോയ്സ് ഗീവർഗ്ഗീസ്, അടൂർ |
| 9. ജിമാ ജോഷ്വാ, ചെറിയതുറ | 10. മേരി ജോർജ്ജ്, റാന്നി |
| 11. മേരി ദേവസ്യ, പുൽപ്പള്ളി | 12 തോമസ് സാമുവേൽ, കൊല്ലം |
| 13. സാലി വർഗീസ്, പുത്തൻകാവ് | 14. പൊന്നമ്മ രാജു, ബാംഗ്ലൂർ |
| 15. ലില്ലി ജോൺ, പാലാരിവട്ടം | 16. ബേബി മോഹൻ, തൃശ്ശൂർ |
| 17. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ | 18. ജെസ്സി സാം, റാന്നി |
| 19. നൈസി രെഞ്ചി, ചേപ്പാട് | 20. മറിയാമ്മ തോമസ്, കുന്നന്താനം |
| 21. ജോസ് വി. മാത്യു, തിരുവല്ല | 20. പി.വി. എലിസബത്ത്, പേരൂർക്കട |

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 0096-04073006-195001
IFSC Code : CSBK 0000096

## തിരുമൊഴി

**"വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല; അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ."**
**(സദൃ. 10:19)**

Every Tribe... Every Language

# തായ്‌ലൻഡ്

എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ




ഇന്നും രാജഭരണം നിലനിക്കുന്ന ഒരു രാജ്യം. ഒരുകാലത്ത് ലോകത്തിൽ ഏറ്റവും അധികം സന്ദർശകരുള്ള രാജ്യങ്ങളിൽ ഒന്നായിരുന്നു. ടൂറിസം നല്ലൊരു വരുമാനമാർഗമാണ്. എന്നാൽ അതിന്റെ തിക്തഫലങ്ങളുമുണ്ട്. പൊതുജനം സാധുക്കളും അധ്വാനശീലരുമാണ്.

ബുദ്ധമതത്തിനു വളരെ സ്വാധീനം ഉള്ള രാജ്യം (94%). ക്രിസ്ത്യാനികൾ നാമമാത്രമാണ് (1%). സുവിശേഷസ്വാതന്ത്ര്യം വളരെ കുറവാണ്. കൂടുതൽ ആചാരങ്ങളും സർക്കാർ അവധികളുമൊക്കെ ബുദ്ധമതത്തിന്റെ അനുഷ്ഠാനങ്ങൾ അനുസരിച്ചാണ്. വളരെയധികം ബുദ്ധമതമഠങ്ങൾ ഉണ്ട്.

## പ്രാർത്ഥനയ്ക്ക്

- തായ്‌ലൻഡിലെ ക്രിസ്തീയ സഭകൾക്കായി.
- നാമമാത്രമായ വിശ്വാസികൾക്കായി
- സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി.
- വിളഞ്ഞുകിടക്കുന്ന വയലുകളിലേക്ക് വേലക്കാരെ അയക്കേണ്ടതിനായി.
- നമ്മുടെ കർത്താവിന്റെ വരവിനു മുമ്പായി തായ്‌ലൻഡ് സുവിശേഷവത്കരിക്കപ്പെടേണ്ടതിനായി

# അദ്ധ്യായം 24 ശമുവേലിന്റെ 2-ാം പുസ്തകം

## ഒരദ്ധ്യായം ഒരിത്തിരി ചിന്ത

ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി

**ദൈവജനത്തിന്റെ പാപം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു എന്ന സത്യവും മനുഷ്യന്റെ പാപം ദൈവത്തിന് ദുഃഖമാകുന്നു എന്നും തിരുവചനം വ്യക്തമാക്കുന്നുണ്ടല്ലോ? പാപം വരാതെ നമ്മെ തന്നെ സൂക്ഷിപ്പാൻ ഈ സത്യവും മുഖാന്തരമാകട്ടെ.**

"യഹോവയുടെ കോപം വീണ്ടും യിസ്രയേലിന്റെ നേരെ ജ്വലിച്ചു: നീ ചെന്ന് യിസ്രയേലിനെയും യെഹൂദായെയും എണ്ണുക എന്നിങ്ങനെ അവർക്ക് വിരോധമായി ദാവിദിന് തോന്നിച്ചു" (ഒന്നാം വാക്യം). ദൈവകോപകാരണം ഈ വാക്യത്തിൽ വ്യക്തമാക്കപ്പെടുന്നില്ലെങ്കിലും വരികൾക്കിടയിലും മറ്റു തിരുവചനഭാഗങ്ങളിലും അത് വെളിപ്പെടുന്നുണ്ട്. ഇരുപത്തിയൊന്നാമദ്ധ്യായത്തിൽ ദാവീദിന്റെ കാലത്തു തന്നെ മൂന്നു സംവത്സരം തുടരെത്തുടരെയുണ്ടായ ക്ഷാമത്തിന് വ്യക്തമായ കാരണമുണ്ടായിരുന്നല്ലോ? ഇവിടെയും യിസ്രായേലിന്റെ പാപത്താലും ദാവീദിന്റെ ഹൃദയത്തിലുണ്ടായ പാപത്താലും യിസ്രയേൽ ന്യായവിധിയിലേക്ക് പോകുന്നു. പാപങ്ങൾ തത്ക്കാലം മറഞ്ഞിരുന്നാലും പിന്നീട് വ്യക്തമാക്കപ്പെടും; അത് മുഖാന്തരം ചിന്താതീതമായ ദുഃഖങ്ങൾ ഭവിക്കുകയും ചെയ്യും. മുമ്പ് ഓർമ്മപ്പെടുത്തിയിട്ടുള്ളതുപോലെ, രഹസ്യമായി അഥവാ മറഞ്ഞുകിടക്കുന്ന പാപങ്ങളാണ് പരസ്യമായ പല പ്രശ്നങ്ങൾക്കും കാരണമായി കിടക്കുന്നത്. രഹസ്യമായതും മറഞ്ഞുകിടക്കുന്നതുമായ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിക്കാതെ പലതിനും പരിഹാരം വരികയില്ല. വേദപണ്ഡിതന്മാരുടെ അഭിപ്രായത്തിലും വചനം പഠിക്കുമ്പോൾ വ്യക്തമാക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിലും ദാവീദിന്റെയും യിസ്രായേലിന്റെയും പാപം അന്നവർക്കുണ്ടായിരുന്ന, സുശക്തമായ സൈന്യത്തിൽ ഉണ്ടായ പ്രശംസയും ദൈവത്തെക്കാൾ രഥങ്ങളിലും കുതിരകളിലും സൈന്യബലത്തിലും ഉണ്ടായ ആശ്രയവുമാണ്.

യിസ്രായേലിനെയും യെഹൂദായെയും എണ്ണിയത് ദൈവഹിതപ്രകാരം അല്ലായിരുന്നു. 1 ദിനവൃത്താന്തം 21:1 ശ്രദ്ധിച്ചാലും; "അനന്തരം സാത്താൻ യിസ്രയേലിന് വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിന് തോന്നിച്ചു". ദാവീദിന്റെയും യിസ്രായേലിന്റെയും ദൈവാശ്രയക്കുറവ് സാത്താൻ പ്രവർത്തിക്കുവാൻ കാരണമായി; ദാവീദിനെ പരീക്ഷിക്കുവാൻ കർത്താവ് അനുവാദം കൊടുക്കുന്നു. ജനത്തെ എണ്ണുമ്പോൾ പാലിക്കേണ്ട ദൈവീകനിബന്ധനകളും ദാവീദ് പാലിച്ചില്ല എന്നതും ശ്രദ്ധേയമാണ്; ഇതു വലിയ വീഴ്ച തന്നെയാണ്. പുറപ്പാട് 30: 12–16വരെ ശ്രദ്ധിച്ചാലും; "യഹോവ പിന്നെയും മോശെയോട് കൽപ്പിച്ചതെന്തെന്നാൽ: യിസ്രയേൽ മക്കളുടെ ജനസംഖ്യ എടുക്കേണ്ടതിന് അവരെ എണ്ണുമ്പോൾ അവരുടെ മദ്ധ്യേ ബാധ ഉണ്ടാകാതിരിപ്പാൻ അവരിൽ ഓരോരുത്തർ താന്താന്റെ ജീവനുവേണ്ടി യഹോവയ്ക്ക് വീണ്ടെടുപ്പുവില കൊടുക്കേണം. എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ഏവനും വിശുദ്ധമന്ദിരത്തിന്റെ തൂക്കപ്രകാരം അരശെക്കൽ കൊടുക്കേണം. ശെക്കൽ എന്നത് ഇരുപത് ഗേരാ. ആ അര ശെക്കൽ യഹോവയ്ക്ക് വഴിപാട് ആയിരിക്കേണം. എണ്ണപ്പെടുന്നവരുടെ കൂട്ടത്തിൽ ഇരുപത് വയസ്സും അതിനു മീതെയുള്ളവനെല്ലാം യഹോവയ്ക്ക് വഴിപാട് കൊടുക്കേണം. നിങ്ങളുടെ ജീവനുവേണ്ടി പ്രായ്ശ്ചിത്തം കഴിപ്പാൻ നിങ്ങൾ യഹോവയ്ക്ക് വഴിപാട് കൊടുക്കുമ്പോൾ ധനവാൻ അര ശെക്കൽ അധികം കൊടുക്കരുത്; ദരിദ്രൻ കുറച്ചുകൊടുക്കയും അരുത്. ഈ പ്രായ്ശ്ചിത്തദ്രവ്യം നീ യിസ്രായേൽ മക്കളോട് വാങ്ങി സമാഗമനകൂടാരത്തിന്റെ ശുശ്രൂഷയ്ക്കായി കൊടുക്കേണം. നിങ്ങളുടെ ജീവനുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിന് അത് യഹോവയുടെ മുമ്പാകെ യിസ്രായേൽ മക്കൾക്കുവേണ്ടി ഒരു ജ്ഞാപകമായിരിക്കേണം". ദൈവകൽപനയുടെ ലംഘനം എത്ര വലിയ പാപവും ദൈവകോപത്തിന് ഇടനൽകുന്നതുമാണ് എന്ന വാങ്മയ ചിത്രം അദ്ധ്യായം 24 (2 ശമുവേൽ) നൽകുന്നു. സങ്കീർത്തനങ്ങൾ 20: 7; 44: 6 എന്നീ ഭാഗങ്ങളിലെ വരികൾ പാടിയ ദാവീദിന് വീഴ്ച ഭവിച്ചു! നമുക്ക് കർത്താവിൽ തന്നെ ആശ്രയിക്കാം.

ജനത്തെ എണ്ണുവാൻ ദാവീദിന്റെ കൽപ്പന ലഭിച്ച സേനാപതിയായ യോവാബ് രാജാവിനെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചുവെങ്കിലും രാജകൽപ്പന അനുസരിക്കേണ്ടിവരുന്ന ചരിത്രമാണ് നാലാം വാക്യം കാണിച്ചുതരുന്നത്. മൂന്നാം വാക്യത്തിലെ യോവാബിന്റെ വാക്കുകളിലൂടെ സഞ്ചരിച്ചാൽ ദാവീദിന്റെ ഹൃദയത്തിൽ തന്റെ രാജ്യത്തിന്റെ ജനസംഖ്യാവർദ്ധനവിലും സൈന്യബലത്തിലും പ്രശംസിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. നമ്മെ വർദ്ധിപ്പിക്കുന്നത് ദൈവമാണ്. ഇത് ദാവീദിനും വളരെ വ്യക്തമായിത്തന്നെ അറിയാമായിരുന്നു. പിന്നെയും ദാവീദിന്റെ ഈ പ്രവൃത്തി ദൈവസന്നിധിയിലെ വീഴ്ചയായിട്ട് വേണം തീർത്തും മനസ്സിലാക്കുവാൻ. വാക്യം 17 ൽ ദാവീദ് പറയുന്നത് ശ്രദ്ധിച്ചാലും; "ജനത്തെ ബാധിക്കുന്ന ദൂതനെ ദാവീദ് കണ്ടിട്ട് യഹോവയോട്: ഞാനല്ലോ പാപം ചെയ്തത്; ഞാനല്ലോ കുറ്റം ചെയ്തത്". എട്ട്, ഒൻപത് വാക്യങ്ങൾ ശ്രദ്ധിച്ചാലും "ഇങ്ങനെ അവർ ദേശത്തെല്ലായിടവും സഞ്ചരിച്ചു. ഒൻപതുമാസവും ഇരുപത് ദിവസവും കഴിഞ്ഞശേഷം യെരുശലേമിൽ എത്തി. യോവാബ് ജനത്തെ എണ്ണിയതിന്റെ ആകെത്തുക രാജാവിന് കൊടുത്തു: യിസ്രായേലിൽ ആയുധപാണികളായ യോദ്ധാക്കൾ എട്ടുലക്ഷവും യെഹൂദ്യർ അഞ്ചുലക്ഷവും ഉണ്ടായിരുന്നു".

പത്താംവാക്യത്തിൽ ഒരു ദൈവപൈതലിന്റെ വിവിധ ലക്ഷണങ്ങൾ ദാവീദിലൂടെ നാം കാണുന്നു: 1. ദൈവപൈതൽ പാപം വരാതെ തന്നെത്താൻ സൂക്ഷിക്കണമെന്നത് വിട്ടുവീഴ്ചയില്ലാത്ത ദൈവകൽപനയായിരിക്കുമ്പോൾ തന്നെ മനുഷ്യത്വത്തിൽ വീഴ്ച വന്നേക്കാം. എന്നാൽ വീഴ്ചയെക്കുറിച്ച് ദൈവാത്മാവ് ബോദ്ധ്യം തരുമ്പോൾ ഹൃദയത്തിൽ തീർച്ചയായും കുത്തുകൊള്ളും. 2. കുത്തുകൊള്ളുമ്പോൾ ദൈവസന്നിധിയിലേക്ക് വരും. 3. കുറ്റം ഏറ്റുപറയും. 4. ദൈവശബ്ദത്തിന് (വചനത്തിന്) കീഴ്പ്പെടും.

യഹോവയായ ദൈവം ഗാദ് പ്രവാചകനിലൂടെ ദാവീദിന് മുന്നിൽ മൂന്ന് ന്യായവിധികൾ നിരത്തിവെയ്ക്കുന്നു; ദാവീദിന് തെരഞ്ഞെടുക്കാം. വാക്യം 13 ശ്രദ്ധിച്ചാലും; "നിന്റെ ദേശത്ത് ഏഴു സംവത്സരത്തെ ക്ഷാമം ഉണ്ടാകയോ? അല്ലെങ്കിൽ മൂന്നുമാസം നിന്റെ ശത്രുക്കൾ നിന്നെ പിന്തുടരുകയും നീ അവരുടെ മുമ്പിൽ നിന്ന് ഓടിപ്പോകയും ചെയ്കയോ? അല്ലെങ്കിൽ നിന്റെ ദേശത്ത് മൂന്നു ദിവസത്തെ മഹാമാരി ഉണ്ടാകയോ? എന്തുവേണം?" കരുണയുള്ള കർത്താവിന്റെ കരങ്ങളിൽ വീഴുന്നതാണ് കരുണയില്ലാത്ത മനുഷ്യരുടെ കൈയ്യിൽ വീഴുന്നതിനെക്കാൾ ഉത്തമം എന്ന് ദാവീദ് പറയുന്നു (വാക്യം 14). വാക്യം പതിനഞ്ച്: "അങ്ങനെ യഹോവ യിസ്രായേലിൽ രാവിലെ തുടങ്ങി നിശ്ചയിച്ച അവധിവരെ മഹാമാരി അയച്ചു; ദാൻ മുതൽ ബേർ-ശേബ വരെ ജനത്തിൽ എഴുപതിനായിരം പേർ മരിച്ചുപോയി". പാപത്തിന്റെ ന്യായവിധി എത്ര ഭയാനകം!

സകലത്തെയും ഭരിക്കുന്ന സർവ്വശക്തന്റെ സ്വർഗ്ഗീയസൈന്യത്തിൻ മേലുള്ള അധികാരമാണ് വാക്യം പതിനാറിൽ നാം കാണുന്നത്; "എന്നാൽ ദൈവദൂതൻ യെരുശലേമിനെ ബാധിപ്പാൻ അതിന്മേൽ കൈനീട്ടിയപ്പോൾ യഹോവ അനർത്ഥത്തെക്കുറിച്ച് അനുതപിച്ചു, ജനത്തിൽ നാശം ചെയ്യുന്ന ദൂതനോട്: മതി നിന്റെ കൈ പിൻവലിക്ക എന്നു കൽപിച്ചു". 'യഹോവ അനർത്ഥത്തെക്കുറിച്ച് അനുതപിച്ചു' എന്നത് മനുഷ്യന്റെ പാപത്തെക്കുറിച്ച് ദൈവത്തിന്റെ ഹൃദയത്തിലെ അഗാധദുഃഖത്തെ വെളിപ്പെടുത്തുന്നു. ദൈവജനത്തിന്റെ പാപം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു എന്ന സത്യവും മനുഷ്യന്റെ പാപം ദൈവത്തിന് ദുഃഖമാകുന്നു എന്നും തിരുവചനം വ്യക്തമാക്കുന്നുണ്ടല്ലോ? പാപം വരാതെ നമ്മെ തന്നെ സൂക്ഷിപ്പാൻ ഈ സത്യവും മുഖാന്തരമാകട്ടെ.

തന്റെ പാപത്തെക്കുറിച്ചുള്ള അഗാധദുഃഖം വാക്യം പതിനേഴിൽ നാം കാണുന്നു. ദാവീദിന്റെ മാനസാന്തരത്തിൽ കർത്താവ് തുടർന്നിടപെടുന്നതാണ് പതിനെട്ടാം വാക്യത്തിൽ കാണുന്നത്; "നീ ചെന്ന് യെബൂസ്യനായ അരവ്നയുടെ കളത്തിൽ യഹോവയ്ക്ക് ഒരു യാഗപീഠം ഉണ്ടാക്കുക എന്നു പറഞ്ഞു". യെബൂസ്യനായ അരവ്നയുടെ മറ്റൊരു പേരാണ് ഒർന്നാൻ (വാക്യം 16,18,20,22; 1 ദിനവൃത്താന്തം 21:18). അരവ്ന ദാവീദിന് യഹോവയ്ക്ക് യാഗം കഴിക്കാനുള്ള സ്ഥലവും ഹോമയാഗത്തിനുള്ള കാളകളും വിറകിനുള്ള മെതിവണ്ടികളും സൗജന്യമായി കൊടുക്കുവാൻ ഹൃദയപൂർവ്വം തയ്യാറായെങ്കിലും ദാവീദിന്റെ ഉത്തരമാണ് വാക്യം 24-ൽ കാണുന്നത്; "രാജാവ് അരവ്നയോട്: അങ്ങനെയല്ല, ഞാൻ അതു നിന്നോട് വിലയ്ക്കേ വാങ്ങുകയുള്ളൂ; എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവമായ യഹോവയ്ക്ക് ഹോമയാഗം കഴിക്കയില്ല എന്നു പറഞ്ഞു".

24-ാം വാക്യത്തിന്റെ അവസാനഭാഗത്തിൽ 'ദാവീദ് കളത്തെയും കാളകളെയും അമ്പതു ശെക്കൽ വെള്ളിക്കുവാങ്ങി' എന്ന് കാണുന്നുവെങ്കിലും 1 ദിനവൃത്താന്തം 21:25-ൽ 'അങ്ങനെ ദാവീദ് ആ സ്ഥലത്തിന് അറുനൂറ് ശെക്കൽ പൊന്ന് ഒർന്നാനു കൊടുത്തു' എന്നു രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ചിന്താഭാഗത്ത് കളത്തിനും കാളകൾക്കുമാണ് അമ്പതു ശെക്കൽ വെള്ളിയെങ്കിൽ ദിനവൃത്താന്തങ്ങളിൽ അരവ്നയുടെ വിശാലമായ സ്ഥലത്തെക്കൂടി ഉൾപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. പിൽക്കാലത്ത് ശലോമോൻ യെരുശലേമിൽ യഹോവയുടെ ആലയം പണിതത് ദാവീദ് ഓർന്നാനോട് വാങ്ങിയ ഈ സ്ഥലത്താണ് (നോക്കുക: 2 ദിവൃത്താന്തം 3:1). അബ്രഹാം യിസ്ഹാക്കിനെ യാഗം കഴിപ്പാൻ പോയ സ്ഥാനവും ഇന്നത്തെ ഡോം ഓഫ് ദ റോക്കും ആയിരമാണ്ട് വാഴ്ചക്കാലത്തെ ആലയസ്ഥാനവും ഇതേ സ്ഥാനം തന്നെ ആയിരിക്കാം എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ശമുവേലിന്റെ രണ്ടാം പുസ്തകത്തിന് അന്ത്യം കുറിക്കുമ്പോൾ ദൈവാത്മാവ് രേഖപ്പെടുത്തുന്നത് വായിക്കുമ്പോൾ ഹൃദയത്തിൽ ആശ്വാസവും കരുണയുള്ള കർത്താവിന്റെ ആർദ്രതയും കാണുന്നു; ഒപ്പം 'ഇനി പാപം ചെയ്യരുത്' എന്ന ശക്തമായ ഓർമ്മപ്പെടുത്തലും; "ദാവീദ് യഹോവയ്ക്ക് അവിടെ ഒരു യാഗപീഠം പണിതു ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിച്ചു. അപ്പോൾ യഹോവ ദേശത്തിന്റെ പ്രാർത്ഥന കേട്ടു; ബാധ യിസ്രായേലിനെ വിട്ടുമാറുകയും ചെയ്തു" (വാക്യം 25).

ശമുവേലിന്റെ രണ്ടാം പുസ്തകത്തിൽ നിന്നുള്ള ചിന്തകൾക്കും ഇവിടെ പൂർണ്ണവിരാമം കുറിക്കട്ടെ. 'ഒരദ്ധ്യായം-ഒരിത്തിരിചിന്തകൾ'ക്ക് ഒരായിരം ചിന്തകൾ ഹൃദയത്തിൽ പ്രകാശിപ്പിച്ചുതന്ന ത്രിയേകദൈവത്തിനു സകല സ്തുതിസ്തോത്രങ്ങളും ആരാധനയായി അർപ്പിക്കുന്നു. 'സുവിശേഷധ്വനി'യുടെ ഉത്തരവാദിത്തപ്പെട്ട ദൈവഭൃത്യന്മാർക്കും അനുവാചകർക്കും പ്രാർത്ഥനയിൽ ഓർത്തവർക്കും ഒത്തിരി നന്ദി...... തിരുനാമം മാത്രം മഹത്വപ്പെടട്ടെ; ആമേൻ. ●

## ഫിലമോനെഴുതിയ ലേഖനം

കഴിഞ്ഞ 24 ആഴ്ചകളായി ശമുവേലിന്റെ രണ്ടാം പുസ്തകത്തിൽ നിന്നുള്ള ചിന്തകൾ 'ഒരധ്യായം ഒരിത്തിരിചിന്തകൾ' എന്നുള്ള തലക്കെട്ടിൽ നാം പഠിച്ചു കൊണ്ടിരിക്കുകയായിരുന്നല്ലോ.

ആ ചിന്തകൾ നമ്മൾക്ക് പങ്കുവെച്ച് കർത്തൃദാസൻ ജെയിംസ് എം. തോമസിനോടുള്ള സുവിശേഷധ്വനിയുടെ ഹൃദയംഗമായ നന്ദി അറിയിക്കുന്നു.

അടുത്ത ലക്കം മുതൽ നമ്മൾ കത്തൃദാസൻ സാംസൺ ഹെൻട്രി കൊല്ലം പങ്കുവെക്കുന്ന ഫിലമോന്റെ ലേഖനത്തിൽ നിന്നുള്ള ചിന്തകൾ വായിക്കുകയാണ്. പ്രാർത്ഥനയോടെ കാത്തിരിക്കുക.

# യഹോവ ഞങ്ങളെ മറന്നുകളഞ്ഞുവോ

സി.എച്ച്. സ്പർജൻ

യഹോവ ദാവീദിനോട് ചെയ്ത നിത്യ നിയമം മുഖാന്തരം ദൈവകൃപ എപ്പോഴും അനുഭവിക്കുവാനിടയായി. എന്നാൽ തന്റെയും ജീവിതത്തിൽ വിവിധ നിലയിലുള്ള കഷ്ടതകൾ അനുഭവിക്കേണ്ടിവന്നു. ഏറ്റവും ദുഃഖകരമായ കാലയളവിൽ ദാവീദ് പാടിയ സങ്കീർത്തനമാണ് എൺപത്തിഒൻപത്. ദാവീദിന്റെ ശത്രുക്കൾ തന്നെ നോക്കി ചിരിച്ചു. ദാവീദിന്റെ ജീവിതത്തിൽ പണ്ടത്തെ സന്തോഷകരമായ ദിവസങ്ങളെ ഓർത്ത് താൻ എഴുതിയതോ, അഥവാ ഏഥാൻ ദാവീദിനുവേണ്ടി ഈ സങ്കീർത്തനം എഴുതിയതാണോ എന്നറിഞ്ഞുകൂടാ. “കർത്താവേ, നിന്റെ വിശ്വസ്തതയിൽ നീ ദാവീദിനോട് സത്യം ചെയ്ത നിന്റെ പണ്ടത്തെ കൃപകൾ എവിടെ” (സങ്കീ. 89: 49).

**"കർത്താവേ, നിന്റെ പണ്ടത്തെ കരുതലും സ്നേഹവും എവിടെ" (സങ്കീ.89:49) എന്നു സങ്കീർത്തനക്കാരൻ ചോദിക്കുകയാണ്. ദൈവത്തിന്റെ കരുണ ഒരു നാളും കുറഞ്ഞുപോകയില്ല. ദൈവത്തിന്റെ വചനപ്രകാരം ഒരു ദൈവപൈതൽ എപ്പോഴും കർത്താവിൽ നീതീകരിക്കപ്പെട്ടവനാണ്.**

അനവധി നന്മകൾ ദൈവത്തിൽ നിന്നും കഴിഞ്ഞകാലങ്ങളിൽ അനുഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ കരുണയാൽ നാം ഓരോ ദിവസവും നിദ്ര വിട്ടുണർന്ന് പുതിയ ദിവസത്തെ എതിരേൽക്കുന്നു. സൂര്യന്റെ പ്രകാശം പോലെ നാമും പ്രയോജനമുള്ളവരായിത്തീരുന്നു. എന്നാൽ ലഭിച്ചുകൊണ്ടിരിക്കുന്ന നന്മകളിൽ വളരെ കുറച്ചുമാത്രമേ നാം ഓർക്കാറുള്ളൂ. ഓരോ നിമിഷവും ദൈവത്തിന്റെ കരുണ നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്നു. അവയെ നമുക്ക് എണ്ണിക്കൂടാത്തവണ്ണം കടൽത്തീരത്തെ മണലിനെക്കാൾ അസംഖ്യം. നമുക്ക് ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപകളാൽ സമ്പന്നരായിരിക്കുന്നു. “അവൻ നിന്റെ അകൃത്യം ഒക്കെയും മോചിപ്പിക്കുന്നു” (സങ്കീ. 103:3). നമ്മുടെ മനസ്സിലുണ്ടായിരുന്ന വേദനകൾ ഒട്ടും സ്വസ്ഥത തന്നിരുന്നില്ല. നരകാഗ്നിയുടെ വാതിൽ എപ്പോഴും നമ്മെ ഭയപ്പെടുത്തിയിരുന്നു. ഞാൻ രക്ഷിക്കപ്പെട്ടപ്പോൾ എന്റെ എല്ലാ അവയവങ്ങളും കർത്താവിനുവേണ്ടി സമർപ്പിക്കപ്പെട്ടതാണെന്ന് ധൈര്യമായിട്ടും പറയുവാൻ കഴിയും.

“നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു” (സങ്കീ. 103:3). ദൈവം എന്താണ് നമുക്ക് ചെയ്തിട്ടുള്ളത്. ഒരു കാലത്ത് ദൈവം ഒരുക്കിയ രക്ഷയെ നിസ്സാരമായി ഗണിച്ച് മറുതലിച്ച് നിന്നു. എന്നാൽ സ്നേഹവാനായ ദൈവം രക്ഷയുടെ തീരത്തേയ്ക്ക് കൊണ്ടുവന്നു വലിയ ന്യായവിധിയിൽ നിന്നും വിടുവിച്ചു. ഇപ്പോൾ ദൈവത്തിന്റെ പാദപീഠത്തിൽ ഇരിക്കുവാനുള്ള അവകാശം ലഭിച്ചിരിക്കുന്നു. സാത്താന്റെ ബന്ധനത്തിലായിരുന്നപ്പോൾ ധാർമ്മികതയുടെ യാതൊരു ബന്ധനവും ഉണ്ടായിരുന്നില്ല. മാനുഷിക നിയമങ്ങളൊന്നും തടസ്സമായിരുന്നില്ല. രക്ഷിക്കപ്പെട്ടതിനുശേഷം പാപത്തിന്റെ ഒരു അടയാളംപോലും അവശേഷിക്കുന്നില്ല. ഇത്ര വിലയേറിയ കരുണ ലഭിച്ചതോർത്ത് ദൈവത്തെ എത്ര സ്തുതിച്ചാലും മതിയാകുകയില്ല.

താണുകൊണ്ടിരിക്കുന്ന നാശകരമായ കുഴിയിൽ നിന്നാണ് കർത്താവ് വീണ്ടെടുത്തത്. “പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ” (1 പത്രോ. 1:18–19). നാം ദൈവകോപത്തിൽ നിന്നും വിടുതൽ പ്രാപിച്ചവരാണ് എന്ന് എപ്പോഴും ഓർക്കണം. ഇന്ന് നാം ഓരോ ദിവസവും ദിവ്യപ്രകാശത്തിൽ ജീവിക്കുന്നവരും വീണ്ടെടുപ്പിന്റെ ഉറപ്പുള്ളവരായി സന്തോഷത്തിൽ ജീവിക്കുന്നവരുമാണ്. ഇപ്പോൾ വിലമതിക്കാനാകാത്ത അവകാശവുമുള്ളവരുമാണ്. നമ്മോടു കരുണ കാണിച്ച ദൈവസനേഹത്തിനു മുമ്പാകെ എത്ര സ്തുതിച്ചാലും മതിയാകയില്ല.

“അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു” (സങ്കീ. 103:4) രക്ഷിക്കപ്പെട്ട ഓരോരുത്തരും, ദൈവത്തിന് അവകാശികളും കൂട്ടവകാശികളുമാണ്. യാതൊന്നിനോടും ഉപമിക്കുവാൻ കഴിയാത്തവണ്ണമുള്ള ദൈവസ്നേഹത്തിന് അർഹരായിരിക്കുന്നു. പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന അനേകം നന്മകൾ നമ്മുടെയും ജീവിതത്തിന് അവകാശമാണ്. “നിങ്ങൾ സന്തോഷത്തോടെ മിസ്രയീമിൽ നിന്നു പുറപ്പെടും. കുന്നുകളും മലകളും ഉല്ലാസത്തോടെ സന്തോഷിച്ചുല്ലസിക്കും. വൃക്ഷങ്ങൾ ഉല്ലാസത്തോടെ കൈകൊട്ടും. കർത്താവിന്റെ മുമ്പിലത്തെ സ്നേഹം നാം ഓർക്കും. കർത്താവ് കരുണയോടും, സ്നേഹത്തോടും കൂടെ തങ്കകിരീടങ്ങളെ നമ്മുടെ ശിരസ്സിലണിയിക്കും”.

“അവൻ നിന്റെ വായ്ക്കു നന്മ കൊണ്ടു തൃപ്തി വരുത്തുന്നു” (സങ്കീ.103:5). നാം ക്രിസ്തുവിലാകുമ്പോൾ സകല നന്മകളാലും അനുഗ്രഹിക്കപ്പെടും. നാം പരിപൂർണ്ണരും, സംതൃപ്തരുമായിരിക്കും. ഏതു സമയത്തും നമ്മെ കരുതുന്ന രക്ഷകനും, എന്തിനെക്കാളും മതിയായ ദൈവവചനവും, എല്ലാത്തിനും ഉപരിയായ വാഗ്ദത്തങ്ങളും നമുക്കുണ്ട് എന്ന വിശ്വാസം നമ്മെ ധൈര്യപ്പെടുത്തുന്നു. കൂടുതൽ കൂടുതൽ ദൈവകൃപയും സ്നേഹവും അറിയുന്തോറും അതിന്റെ വിശാലത എത്രത്തോളമാണെന്ന് ഗ്രഹിക്കുവാൻ കഴിയുകയില്ല. പൂർണ്ണമായ സംതൃപ്തി ലഭിക്കത്തക്കവണ്ണം നമ്മുടെ വായ്ക്ക് നന്മ കൊണ്ട് തൃപ്തി വരുത്തുന്നു.

“കർത്താവേ, നിന്റെ പണ്ടത്തെ കരുതലും സ്നേഹവും എവിടെ” (സങ്കീ.89:49) എന്നു സങ്കീർത്തനക്കാരൻ ചോദിക്കുകയാണ്. ദൈവത്തിന്റെ കരുണ ഒരു നാളും കുറഞ്ഞുപോകയില്ല. ദൈവത്തിന്റെ വചനപ്രകാരം ഒരു ദൈവപൈതൽ എപ്പോഴും കർത്താവിൽ നീതീകരിക്കപ്പെട്ടവനാണ്.

“കർത്താവ് സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു” (സങ്കീ.103:3) പരമവൈദ്യനായ കർത്താവ് പാപരോഗത്തിൽ നിന്നും എന്നേയ്ക്കും സൗഖ്യമാക്കി. അവിശ്വാസം വരുമ്പോൾ തെറ്റായിട്ടുള്ള രോഗത്തിന്റെ വേദന നമ്മുടെ ആത്മാവിൽ അനുഭവപ്പെടും. നോഹയുടെ കാലത്ത് ഭൂമിയുടെ ആഴികൾ എല്ലാം തുറന്നതുപോലെ നമ്മോടുകൂടെയും അങ്ങനെ തന്നെയാണ്. നോഹ പെട്ടകത്തിൽ കടന്ന് വെള്ളത്തിന്റെ മുകളിൽ ഒഴുകി നടന്നതുപോലെ നാമും വിശ്വാസത്തിന്റെ തോണിയിൽ എല്ലാ പ്രശ്നങ്ങളിലൂടെയും സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മെ മുക്കിക്കളയത്തക്കവണ്ണം പ്രതികൂലങ്ങൾ എല്ലാ ആത്മികസുരക്ഷിതത്വത്തിനെതിരെയും പ്രത്യാശയ്ക്കെതിരെയും ഉണ്ടാകും. എന്നാൽ കർത്താവിന്റെ മുഖത്തേയ്ക്ക് മാത്രം നോക്കുമ്പോൾ കർത്താവ് നമുക്കുവേണ്ടി ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും ആയ കാര്യങ്ങളെക്കുറിച്ച് ഓർത്ത് എപ്പോഴും സ്തോത്രം ചെയ്യുവാനിടയാകും.

“നമ്മുടെ ജീവനെ നാശത്തിൽ നിന്നും വീണ്ടെടുക്കുന്നു (സങ്കീ.103:4) ഒരിക്കൽ വീണ്ടെടുക്കപ്പെട്ടവർ എന്നേയ്ക്കുമായി വീണ്ടെടുക്കപ്പെട്ടവരാണ്. ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ഇരുട്ടിന്റെ അനുഭവമുണ്ടാകും. സൂര്യപ്രകാശത്തിൽ ഉരുകുന്ന മഞ്ഞുപോലെ ഇരുണ്ട സമയത്ത് പ്രകാശിതമായിരിക്കും. കർത്താവ് എന്നേയ്ക്കുമായി പാപത്തിൽ നിന്നും വീണ്ടെടുത്തു സ്വതന്ത്രനാക്കപ്പെട്ടവനാണ്.

“യഹോവ ദയയും കരുണയും നിന്നെ അണിയിക്കുന്നു” (സങ്കീ. 103:4). ഫിലിപ്പ്യ ലേഖനത്തിൽ പൗലോസ് തന്റെ അനുഭവം വിവരിക്കുന്നു. “ഉള്ള അവസ്ഥയിൽ അലംഭാവത്തോടെയിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്”(ഫിലി. 4:11). കർത്താവ് വിശ്വാസികളെ എത്ര സ്നേഹത്തോടും, കരുണയോടും കൂടിയാണ് കരുതുന്നത്. ബലമില്ലാത്തവരെ ബലപ്പെടുത്തുന്നു. വാർദ്ധക്യത്തിൽ എത്തിയവർക്ക് കൂടുതൽ ആശ്വാസമുണ്ട് കാരണം അവർ സ്വർഗ്ഗത്തോട് ഏറെ അടുത്തിരിക്കുന്നു.

“ദൈവം നിന്റെ വായ്ക്ക് നന്മ കൊണ്ട് തൃപ്തിവരുത്തുന്നു” (സങ്കീ.103:5). ദൈവം ദാനം ചെയ്യുന്ന അനുഗ്രഹീത ദാനങ്ങൾക്കുപരിയായി സംതൃപ്തമാക്കുന്ന മറ്റൊന്നും ഒരു ദൈവപൈതലിന് ആവശ്യമില്ല. “ഭൂമി നമ്മുടെ താത്ക്കാലിക വാസസ്ഥലം. സ്വർഗ്ഗം നമ്മുടെ സ്ഥിരമായ ഭവനം”. മനുഷ്യർ വക്രബുദ്ധിയായി നടക്കുമ്പോൾ ദൈവസന്നിധിയിലെ സന്തോഷം നഷ്ടപ്പെടുന്നു. ശുശ്രൂഷകളിൽ സ്ഥിരമായി തുടരുന്നില്ലെങ്കിൽ അത്രത്തോളം അസന്തുഷ്ടനായിരിക്കും. അങ്ങനെയുള്ള വർ ഇങ്ങനെ പറയുവാനിടയാകും. “കർത്താവേ നിന്റെ കരുണ എവിടെ” ദൈവമക്കൾ തെറ്റ് ചെയ്യുമ്പോൾ ദൈവം ബാലശിക്ഷ തരുന്നു. സ്നേഹിക്കുന്ന ഒരു പിതാവിനെപ്പോലെ സ്നേഹത്തോടെ ശിക്ഷിക്കുന്നു. ദൈവകൃപയെ മറന്നു ജീവിക്കുമ്പോൾ ദൈവത്തിന്റെ കരുണയുടെ ആശ്വാസം അനുഭവിക്കുവാൻ കഴിയുകയില്ല. അനുദിനം ദൈവവചനം വായിച്ചു ധ്യാനിക്കാതിരുന്നാൽ ആഹാരം കഴിക്കാതിരിക്കുന്നവനെപ്പോലെ ക്ഷീണിതനും, ചൈതന്യമില്ലാത്തവനുമായിരിക്കും. രഹസ്യപ്രാർത്ഥന ഉപേക്ഷിച്ചാൽ ഇയ്യോബിനെപ്പോലെ കരയുവാൻ കഴിയുകയില്ല. “അയ്യോ പണ്ടത്തെ മാസങ്ങളിലെപ്പോലെ ദൈവം എന്നെ കാത്തുപോന്ന നാളുകളിലെപ്പോലെ ഞാൻ ആയെങ്കിൽ കൊള്ളാമായിരുന്നു” (ഇയ്യോ.29:2). കൃപയിൽ നിന്നു വീണുപോയവർ നിലവിളിക്കും “കർത്താവേ നിന്റെ പണ്ടത്തെ സ്നേഹവും കരുതലും എവിടെ” കർത്താവിനെ മാത്രം ആരാധിക്കുമ്പോൾ നമ്മുടെ ദേവാലയമാകുന്ന ഹൃദയത്തിൽ ദൈവത്തിന്റെ മഹത്വം കൊണ്ടു നിറയും. ദൈവത്തിന്റെ കൃപ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് തണുത്ത ഹൃദയമാണ്. എത്രയും തണുത്ത ആത്മീയ അനുഭവമാണെങ്കിൽ എല്ലാം കൈവിട്ടുപോകും. നമ്മുടെ ഹൃദയം ചൂടുപിടിച്ചിരിക്കുന്നതും വളരെ പ്രവർത്തനനിരതവുമാണെങ്കിൽ രക്തധമനികളെല്ലാം വളരെ ഊർജ്ജസ്വലവും ശക്തവും ആരോഗ്യമുള്ളതുമായിരിക്കും. ഹൃദയം വേണ്ടിടത്തോളം ശക്തമല്ലെങ്കിൽ രക്തയോട്ടം ശരീരത്തിൽ കുറയുന്നതിനനുസരിച്ച് ബലഹീനവും, ശക്തിരഹിതവുമായിരിക്കും. പരിശുദ്ധാത്മശക്തി ഓരോരുത്തരും അറിയണം. സ്നേഹത്തിന്റെ കരുതൽ നിലനിർത്തണം. കർത്താവിന്റെ അദമ്യമായ സ്നേഹം നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും അനുഭവിച്ചറിയണം. കർത്താവിനോട് അടുത്തു ജീവിക്കുന്നവർ തങ്ങളുടെ ജീവിതത്തിൽ കരയേണ്ടി വരികയില്ല. മാറിക്കൊണ്ടിരിക്കുന്ന ലൗകികസാഹചര്യങ്ങളിൽ ദൈവത്തിന്റെ ശക്തമായ നിയമങ്ങൾ മാറ്റമില്ലാതെ തുടരുക തന്നെ ചെയ്യും. ദാവീദുമായി ദൈവം ഉടമ്പടിയുണ്ടാക്കിയത് ഭൂമിയിൽ വെച്ചാണ്. രണ്ടു കാര്യങ്ങളിൽ മാറ്റമില്ല. ദൈവം അരുളിചെയ്തതിനെ മാറ്റുവാൻ ആർക്കും കഴിയുകയില്ല. മാത്രമല്ല ഉറപ്പുള്ള ആശ്വാസവുമാണ് നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്നത്.

കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്ന പേരുകൾ ഒരിക്കലും മായ്ചുകളയുകയില്ല. ഉടമ്പടിയുടെ മുദ്ര വെച്ചു കഴിഞ്ഞാൽ എക്കാലത്തും അങ്ങനെ തന്നെയിരിക്കും. കാരണം കാൽവറിയിലെ യാഗത്താൽ കുഞ്ഞാടിന്റെ രക്തത്താലാണ് ഉടമ്പടി ചെയതിരിക്കുന്നത്. രക്തത്താലുള്ള ഉടമ്പടി നിത്യതവരെയും നീണ്ടുനിൽക്കുന്നതാണ്. നമ്മുടെ ലോകജീവിതത്തിൽ സന്തോഷമില്ലെങ്കിലും അനുഗ്രഹങ്ങളെല്ലാം ഉറപ്പുള്ളതുതന്നെയാണ്. ഒരു ശക്തിക്കും ഈ ഉടമ്പടി മാറ്റുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല. ഒരിക്കൽ ഇരുട്ടിലായിരുന്നവർ കർത്താവിൽ വിശ്വസിച്ചപ്പോൾ ദൈവത്തിന്റെ മക്കളും വെളിച്ചത്തിന്റെ അവകാശികളുമായി ഇന്ന് ദൈവജനം വിശ്വാസത്തിന്റെ രഥത്തിൽ സ്വർഗ്ഗീയയാത്ര ചെയ്യുന്നവരാണ്. ലോകത്തിനോ, സാത്താനോ നമ്മുടെ ഈ യാത്രയിൽ നിന്നും നമ്മെ പിന്തിരിപ്പിക്കാനോ, പിടിച്ചുവെയ്ക്കുവാനോ കഴിയുകയില്ല.

“സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ” (എഫെ. 1:3). കർത്താവിൽ വിശ്വസിക്കുന്നവർ ലജ്ജിച്ചുപോകയില്ല.

**വിവർത്തനം : സ്കറിയാ വർഗീസ്, കളമശ്ശേരി**

1-ാം പേജ് തുടർച്ച

# വിശ്വാസിയിൽ ദൈവവചനത്തിന്റെ പ്രാധാന്യം

ജീവിതയാത്രയിൽ മറഞ്ഞിരിക്കുന്ന അപകടങ്ങൾ ഉണ്ട്. ദൈവവചനം എന്ന ദീപം കാലിൽ കെട്ടി അതിന്റെ വെളിച്ചത്തിൽ മാത്രം ഓരോ ചുവട്ടടിയും കരുതലോടെ വയ്ക്കുകയാണെങ്കിൽ മറഞ്ഞിരിക്കുന്ന അപകടങ്ങൾ ഒഴിഞ്ഞുമാറുന്നതിന് സാധിക്കും. ദൈവവചനം പാതയ്ക്ക് ഒരു പ്രകാശമാണ്. യാത്ര ചെയ്യുന്ന പാതയിൽ പ്രകാശമില്ലെങ്കിൽ യാത്രികൻ വഴിതെറ്റിപ്പോകും. തെറ്റാതെ ഊടുവഴികളിൽ അകപ്പെട്ടു നട്ടം തിരിയാതെ രാജപാതയിൽക്കൂടി നേരെ മുമ്പോട്ടു യാത്ര ചെയ്യുന്ന രജപുത്രർക്ക് പ്രകാശം നൽകുന്നത് തിരുവെഴുത്താണ്. വളരെക്കാലം പ്രശസ്തരീതിയിൽ കപ്പൽ ഓടിച്ച് വൈദഗ്ദ്ധ്യം നേടിയ ഒരു കപ്പിത്താൻ ഒരു പ്രാവശ്യം ലിവർപൂളിൽ നിന്നും ന്യൂയോർക്കിലേക്ക് വടക്കുനോക്കിയന്ത്രം കൂടാതെ യാത്ര ചെയ്യാൻ ഒരുമ്പെടുകയില്ല. അങ്ങനെ ഒരു യാത്ര പോയാൽ കപ്പിത്താനും കപ്പലും യാത്രികരും ബാക്കി കാണുകയില്ല എന്നതും നിശ്ചയം.

ദൈവവചനം പ്രതിരോധം അഥവാ സ്വയരക്ഷയ്ക്കുള്ള ആയുധമാണ്. “രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ” (എഫെ. 5:17). “ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവാഴ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും.... വിവേചിക്കുന്നതുമാകുന്നു” (എബ്രാ. 4:12). ക്രിസ്തീയ പടയാളിക്ക് രണ്ടുതരം ആയുധങ്ങൾ ഉണ്ട്. ശത്രുവിന്റെ ആക്രമം തടയുന്നതിനുപയോഗിക്കുന്ന ആയുധങ്ങളാണ് ഒന്നാം തരം. ശത്രു നിരഭേദിച്ച് മുന്നോട്ടുകയറി യുദ്ധം ചെയ്യുന്നതിനുപയോഗിക്കുന്ന ആയുധങ്ങളാണ് രണ്ടാം തരം. തിരുപോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന വിശ്വാസി എഫെസ്യർ ആറാം അദ്ധ്യായത്തിൽ കാണുന്ന ആയുധവർഗ്ഗം മുഴുവനും ധരിച്ചേ മതിയാകൂ. ഒന്നിനു പകരം മറ്റൊന്നില്ല. ഓരോ ആയുധവും അതതിന്റെ സ്ഥാനത്ത് ആവശ്യമാണ്. മുന്നോട്ടുകയറി ശത്രുവിനെ ആക്രമിച്ച് പരാജയപ്പെടുത്തുവാൻ പറ്റിയ ആയുധമാണ് ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ.

ശേഷം 5-ാം പേജിൽ

4-ാം പേജ് തുടർച്ച

# വിശ്വാസിയിൽ ദൈവവചനത്തിന്റെ പ്രാധാന്യം

ദൈവവചനമാകുന്ന വാളിനുപകരം നമ്മുടെ സ്വന്തം ആയുധങ്ങൾ ഉപയോഗിച്ചാൽ യുദ്ധത്തിൽ തോറ്റുപോകും. "അങ്ങനെ നിങ്ങൾ ഓരോരുത്തർ താന്താന്റെ യുദ്ധായുധം ധരിച്ച് പർവ്വതത്തിൽ കയറുവാൻ തുനിഞ്ഞു" (ആവ. 1:41) അവർ പർവ്വതത്തിൽ കയറുകയും ചെയ്തു. ഫലമെന്തായിരുന്നു? കനത്ത പരാജയം, പിന്നെ നിലവിളിയും സ്വന്തം ആയുധങ്ങൾ ധരിച്ച് ആത്മയുദ്ധം ചെയ്യുവാൻ തുനിയുന്ന ഏതു വിശ്വാസിയും തോറ്റോടുകയും നിരാശപ്പെടുകയും ചെയ്യും. ഏറ്റവും മെച്ചമെന്ന് കരുതുന്ന ജഡികായുധങ്ങളും അൽപ്പം പോലും ഫലിക്കാത്ത ഒരു കഠിനയുദ്ധത്തിലാണല്ലോ വിശ്വാസി ഏർപ്പെട്ടിരിക്കുന്നത്. "ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ" ( 2 കൊരി 10:3-4). നമ്മുടെ കർത്താവ് സാത്താനാൽ പരീക്ഷിതനായപ്പോൾ ദൈവവചനമാകുന്ന വാൾ കൊണ്ടായിരുന്നു വൈരിയെ പരാജയപ്പെടുത്തിയത് "എഴുതിയിരിക്കുന്നു" എന്ന് പറഞ്ഞ് മൂന്നുപ്രാവശ്യം ഉണ്ടായ പരീക്ഷയിലും കർത്താവു വിജയിക്കയാണുണ്ടായത്. സാത്താനെ തോൽപ്പിക്കാൻ കർത്താവ് മറ്റൊരു ആയുധം ഉപയോഗിച്ചിട്ടില്ല, മറ്റൊരായുധത്തിന്റെ ആവശ്യം ഒട്ടില്ലതാനും.

ദൈവവചനം ഉപദേശാനുഷ്ഠാനങ്ങൾക്കുള്ള ഏകപ്രമാണമാണ്. "ഞാൻ നിങ്ങളോട് കൽപ്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കൽപനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോട് കൽപ്പിക്കുന്ന വചനത്തോട് കൂട്ടുകയോ അതിൽ നിന്ന് കുറയ്ക്കുകയോ ചെയ്യരുത്" (ആവ.4:2). " ആകയാൽ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോട് കൽപ്പിച്ചതുപോലെ ചെയ്‌വാൻ ജാഗ്രതയായിരിപ്പിൻ; ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത് (ആവ. 5:32). "ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ച് നടപ്പിൻ; അതിനോട് കൂട്ടരുത്, അതിൽ നിന്ന് കുറക്കയും അരുത്" (ആവ. 13:1). അനേകം വർഷങ്ങൾക്കു മുമ്പ് എഴുത്തുകാരൻ ഒരു യാത്രയിലായിരുന്നപ്പോൾ ഒരു റോമൻ കത്തോലിക്കാ പുരോഹിതനുമായി ഒരു ചെറിയ സംഭാഷണത്തിൽ ഏർപ്പെട്ടു. "ക്രിസ്തീയ ഉപദേശാനുഷ്ഠാനങ്ങൾക്കുള്ള ഏകപ്രമാണം സത്യവേദപുസ്തകം" എന്നു എഴുത്തുകാരൻ വാദിച്ചു. പ്രസ്തുത വാദം തകർത്തുപൊടിക്കാൻ "അങ്ങനെ അക്ഷരപ്രകാരം എഴുതിയിരിക്കുന്ന ഒരു വാക്യം വേദപുസ്തകത്തിൽ നിന്ന് കാണിക്കാമോ?" എന്ന് അച്ചൻ എഴുത്തുകാരനെ വെല്ലുവിളിച്ചു. "ഇല്ല" എന്ന് മറുപടി പറഞ്ഞതിനുശേഷം "ത്രിത്വം" എന്ന ശബ്ദം അക്ഷരപ്രകാരം തിരുവെഴുത്തിൽ ഇല്ലെങ്കിലും നിങ്ങൾ ത്രിത്വത്തിൽ വിശ്വസിക്കുന്നത് എങ്ങനെ? എന്ന് എഴുത്തുകാരൻ അദ്ദേഹത്തോട് ചോദിച്ചു.

ഇതോടുള്ള ബന്ധത്തിൽ ഒരു ജഡ്ജിയുടെ കഥ ഓർത്തുപോകയാണ്. ഒരു കർഷൻ മറ്റൊരു കർഷകന്റെ പാൽ കടയുന്ന യന്ത്രം (churn) ചീത്തയാക്കിയതായി കോടതിയിൽ അന്യായം വന്നു. ജഡ്ജി നിയമപുസ്തകൾ പരിശോധിച്ചിട്ട് "churn"എന്ന പദം കണ്ടില്ല. അക്കാരണത്താൽ അദ്ദേഹം പ്രതിക്ക് അനുകൂലമായി കേസ് വിധിക്കുകയും ചെയ്തു. ഇങ്ങനെ "അക്ഷര" വിധി എഴുതുന്ന കുറെ ന്യായാധിപന്മാർ ഉണ്ടെങ്കിൽ മനുഷ്യജീവിതം തന്നെ വളരെ വൈഷമ്യമുള്ളതായി ഭവിക്കും.

വേദപുസ്തകം ക്രൈസ്തവസഭയുടെ ഏകപ്രമാണഗ്രന്ഥം എന്ന അടിസ്ഥാനോപദേശം ഖണ്ഡിക്കുവാൻ പണിപ്പെടുന്നവർ എന്തെല്ലാം ന്യായങ്ങളാണ് ഉന്നയിക്കാറുള്ളത്. ഒരിക്കൽ എഴുത്തുകാരന്റെ ഒരദ്ധ്യാപകൻ, "ഇംഗ്ലണ്ടിന് എഴുതപ്പെട്ട ഒരു ഭരണഘടന ഇല്ലാത്തതുപോലെ സഭയ്ക്കും ഒരു പ്രമാണഗ്രന്ഥം ഇല്ല" എന്നു വാദിച്ചതായി ഓർക്കുന്നു. അമേരിക്കയ്ക്കും ഇന്ത്യയ്ക്കും എഴുതപ്പെട്ട ഭരണഘടനകൾ ഉണ്ട്. രാഷ്ട്രങ്ങൾക്ക് എഴുതപ്പെട്ട ഭരണഘടന ഉണ്ടെന്നും ഇല്ലെന്നും വരാം. എന്നാൽ ക്രിസ്തുസഭയുടെ ഉപദേശാനുഷ്ഠാനങ്ങൾക്ക് ആധാരമായിരിക്കുന്നത് ദൈവവചനമാണ്. കൗൺസിൽ തീരുമാനങ്ങളോ പിതാക്കന്മാരുട എഴുത്തുകളോ കാനോനുകളോ ദൈവസഭ പ്രമാണമായി അംഗീകരിച്ചിട്ടില്ല. അംഗീകരിക്കാൻ സാദ്ധ്യവുമല്ല. വേദപുസ്തകത്തിന് വിപരീതമായി ഒരു കൗൺസിൽ എന്തെങ്കിലും തീരുമാനിച്ചാൽ പ്രസ്തുത തീരുമാനം വേദവിപരീതമായിരിക്കും. അത് പ്രമാണമായി അംഗീകരിക്കുന്നതിനുള്ള യാതൊരു കടപ്പാടും സഭയ്ക്കില്ല. പിതാക്കന്മാരുടെ എഴുത്തുകളെ അഭയം പ്രാപിക്കുന്നതുകൊണ്ടും യാതൊരു ഗുണവും ഉണ്ടാകാനിടയില്ല. പിതാക്കന്മാർക്ക് തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായപ്പോൾ അവർ തിരുവെഴുത്താകുന്ന അന്തിമകോടതിയെയാണ് അഭയം പ്രാപിച്ചത്. അതുകൊണ്ട് ക്രിസ്തീയ ഉപദേശാനുഷ്ഠാനങ്ങൾക്ക് മാനദണ്ഡമായിരിക്കുന്നത് സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം മാത്രമാണ് എന്ന് സ്പഷ്ടമായി തെളിയുന്നു.

ദൈവവചനം ജീവിതവിശുദ്ധി പ്രദാനം ചെയ്യുന്നു. കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു" എന്നു നാം വായിക്കുന്നു. "ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ" (119:9) സദൃ 22:6 ഒത്തുനോക്കുക. തിരുവചനം കണ്ണാടി കണക്കെ നമ്മിലുള്ള കളങ്കങ്ങൾ ഉള്ള അവസ്ഥയിൽ കാണിക്കുന്നു. എന്നു മാത്രമല്ല പ്രസ്തുത കളങ്കങ്ങളെ നീക്കി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. "മോശെയും അഹരോനും അവന്റെ പുത്രന്മാരും അതിൽ (താമ്രത്തൊട്ടിയിൽ) കയ്യും കാലും കഴുകി. അവർ സമാഗമന കൂടാരത്തിൽ കടക്കുമ്പോഴും യാഗപീഠത്തിങ്കൽ ചെല്ലുമ്പോഴും കൈകാലുകൾ കഴുകും. യഹോവ മോശെയോട് കൽപ്പിച്ചതുപോലെ തന്നേ" (പുറ. 40:31,32). ദർപ്പണനിർമ്മിതമായ തൊട്ടി ദൈവവചനത്തിന്റെ നല്ല മുൻകുറിയാണ്. പുരോഹിതന്മാർ താമ്രത്തൊട്ടിയിൽ കയ്യും കാലും കഴുകിയതിനുശേഷം ദൈവസന്നിധിയിൽ ചെന്ന് ശുശ്രൂഷിക്കണമെന്നായിരുന്നു വിധി. പുതിയ നിയമവിശ്വാസികൾ എല്ലാം പുരോഹിതരാണ്. "കയ്യും കാലും" എന്ന പ്രയോഗം ശ്രദ്ധിക്കുക. നമ്മുടെ പ്രവർത്തനങ്ങളും നടപ്പും എന്നർത്ഥം. തിരുവെഴുത്തിന്റെ വെളിച്ചത്തിൽ നമ്മുടെ നടപ്പും പ്രവർത്തനങ്ങളും തുടർച്ചയായി പരിശോധിക്കുന്നതു നിമിത്തം ജീവിതത്തിൽ വിശുദ്ധി പ്രാപിക്കുന്നതിനും പാലിക്കുന്നതിനും സാധിക്കും. മതപരമായ അറിവ് ധാരാളം ഉണ്ടെങ്കിലും ജീവിത്തിൽ ഒട്ടും വിശുദ്ധി ഇല്ലാത്ത ഒരു വൈരുദ്ധ്യം ഉണ്ടാകാം. യോഹന്നാൻ 4 ലെ ശമര്യക്കാരി അതിനു പറ്റിയ ഒരു ദൃഷ്ടാന്തമാണ്. അവൾക്ക് ഗോത്രപിതാവായ യാക്കോബിനെപ്പറ്റി അറിയാം. യെഹൂദന്മാരുടെയും ശമര്യരുടെയും ആരാധനയിലുള്ള വ്യത്യാസം അവൾക്കറിയാം. ക്രിസ്തു വരുമെന്ന് അവൾക്കറിയാം. എന്നാൽ ശമര്യക്കാരിയുടെ രഹസ്യജീവിതത്തിൽ അണുവളവും വിശുദ്ധി ഇല്ല. പ്രവർത്തനാസക്തി ഉണ്ടെങ്കിലും ജീവിത വിശുദ്ധി ഇല്ലാത്ത ഒരു സ്ഥിതിവിശേഷം ചിലരിൽ കാണാം. അബ്നേർ ഇതിനു പറ്റിയ ദൃഷ്ടാന്തമാണ്. അവൻ രാജാവിനെ വാഴിക്കുന്നവനാണ്. ഈശ്ബോശെത്തിനോട് രഹസ്യമായി ചോദിച്ചാൽ അബ്നേരിന്റെ രഹസ്യജീവിതത്തിലെ അശുദ്ധിയെക്കുറിച്ച് മനസ്സിലാക്കാം. എരിവുണ്ടെങ്കിലും ജീവിതവിശുദ്ധിയില്ലാത്ത ഒരു വൈരുദ്ധ്യം ചിലരിൽ കാണാം. യേഹു അതിനു പറ്റിയ ഒരു ദൃഷ്ടാന്തമാണ്. "നീ എന്നോടു കൂടെ വന്നു യഹോവയെക്കുറിച്ച് എനിക്കുള്ള ശുഷ്കാന്തി കാൺക എന്നു അവൻ പറഞ്ഞു" (2 രാജാ .10:16). എന്തൊരു എരിവ്! "എങ്കിലും യേഹു യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ന്യായപ്രമാണ പ്രകാരം പൂർണ്ണമനസ്സോടെ നടക്കുന്നതിന് ജാഗ്രത കാണിച്ചില്ല; യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിച്ച യൊരോബയാമിന്റെ പാപങ്ങളെ അവൻ വിട്ടുമാറിയതുമില്ല" (2 രാജാ 10:31). വിശുദ്ധിയെപ്പറ്റി എന്തെല്ലാം തെറ്റിദ്ധാരണകളാണ് ലോകചരിത്രത്തിൽ പ്രചരിച്ചതും പ്രചരിച്ചുകൊണ്ടിരിക്കുന്നതും. യഥാർത്ഥ വിശുദ്ധി നമ്മിൽ ഉളവാക്കുന്നതും അത് പുഷ്ടിപ്പെടുത്തി നിലനിർത്തുന്നതും ദൈവവചനമാണ് എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ദൈവവചനം അനുസരിക്കുന്നതുമൂലം ലഭിക്കുന്ന അനുഗ്രഹങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ പെട്ടെന്ന് വേദപിതാവിന്റെ സ്മരണയിൽ വരുന്നത്, "യേശു അവനോട് എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോട് കൂടെ വാസം ചെയ്യും" (യോഹ. 14:23) എന്ന വാക്യമാണ്. കർത്താവിനെ അനുസരിക്കുന്ന അളവിലാണ് ഒരു വിശ്വാസി അവനെ സ്നേഹിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ ഒരു ക്രിസ്ത്യാനി നിലനിൽക്കുന്നത് എങ്ങനെ? ഇതിന് യാതൊരു കുറുക്കുവഴിയുമില്ല. കർത്താവ് അരുളിചെയ്യുന്നത് ശ്രദ്ധിക്കുക "ഞാൻ എന്റെ കർത്താവിന്റെ കൽപ്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" (യോഹ 15:10).

ദൈവവചനം പ്രമാണിക്കുന്നവനെ പിതാവ് സ്നേഹിക്കുന്നു. മാത്രമല്ല, പിതാവാം ദൈവവും പുത്രനാം ദൈവവും തിരുവചനം പ്രമാണിക്കുന്നവന്റെ അടുക്കൽ വന്ന് അവനോട് വസിക്കും. എന്തൊരു ശ്രേഷ്ഠമായ പദവി!

ഭാരതത്തിന്റെ പ്രസിഡന്റ് നമ്മുടെ കൊച്ചുവീട്ടിൽ വന്ന് കുറച്ചുദിവസം അതിഥിയായി നമ്മോടുകൂടെ താമസിച്ചാൽ അത് എന്തൊരു പ്രശസ്തി ആയിരിക്കും! അദ്ദേഹം നമുക്ക് സമത്വസ്വഭാവമുള്ള മനുഷ്യനാണ്. സ്രഷ്ടാവും പവിത്രാത്മാവുമായ ദൈവം അതിഥിയായി നമ്മോടുകൂടെ വസിക്കുന്ന പദവിയുടെ വലിപ്പം വേണ്ടതുപോലെ മനസ്സിലാക്കാൻ നമ്മുടെ ചെറിയ ബുദ്ധികൊണ്ട് സാധിക്കയില്ല, എങ്കിലും അത് സത്യമാണ്. ദൈവവചനം പ്രമാണിക്കുന്നതിന് കഷ്ടവും നഷ്ടവും ത്യാഗവും മറ്റും ആവശ്യമായി വരും. ചുളുവിന് സാധിക്കാവുന്ന ഒട്ടു വളരെ കാര്യങ്ങൾ ജീവിതത്തിൽ ഉണ്ട്. എന്നാൽ ദൈവവചനം അങ്ങനെ പ്രമാണിക്കാവതല്ല. ദൈവവചനത്തിലുള്ള കൽപനകൾ ശിശുതുല്യമായ ആത്മാർത്ഥതയോടെ അനുസരിക്കുന്നതിനും പ്രമാണിക്കുന്നതിനും സാധിച്ചെങ്കിൽ നാം എന്തുമാത്രം അനുഗ്രഹിക്കപ്പെട്ടേനെ. അനുസരിക്കാതിരിക്കുന്നതു മൂലം നമുക്ക് നഷ്ടമാകുന്ന നന്മകൾ ചില്ലറയല്ല. "അവർ തെസ്സലൊനിക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അത് അങ്ങനെ തന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു" (അപ്പൊ. പ്രവൃ. 17:11) ദൈവവചനത്തോടുള്ള മനോഭാവമാണ് നമ്മെ ദൈവസന്നിധിയിൽ ഉത്തമരാക്കുന്നത്-ഉത്കൃഷ്ടരാക്കുന്നത്. "തിരുവെഴുത്തുകൾ അവഗണിക്കയെന്നാൽ ക്രിസ്തുവിനെ അവഗണിക്കയെന്നർത്ഥം" എന്ന ജെറോമിന്റെ പ്രസ്താവന ഈ ബന്ധത്തിൽ വളരെ ശ്രദ്ധാർഹമാണ്. ●

## മഹത്വത്തിൽ



**അങ്കമാലി** : സഹോദരൻ **തോമസ് സാമുവേൽ (70)** അമേരിക്കയിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 2 ന് ശുശ്രൂഷകൾക്കുശേഷം ടെക്സസിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി** : സഹോദരൻ **കെ. എം. സാമുവേൽ കൊളാകോട്ട് (79)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 6 ന് അങ്കമാലി വെസ്റ്റ് ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം ചെമ്പന്നൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഓതറ, കുമ്പനാട്** : സഹോദരൻ **എം.സി. എബ്രഹാം (94)** ഡിസംബർ 7 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 10 ന് കോയിപ്പുറം ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പരുത്തപ്പാറ, അടൂർ** : സഹോ. എബ്രഹാം ജോർജിന്റെ സഹധർമ്മിണി **തങ്കമ്മ ജോർജ് (76)** നവംബർ 28 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 3 ന് പരുത്തപ്പാറ ഹെബ്രോൻ ബ്രദറൺ അസംബ്ലി ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. സുവി. ഷനു സാമുവേൽ അടൂർ തന്റെ മരുമകനാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഫ്ലോറിഡാ, അമേരിക്ക** : സഹോദരൻ **മാമ്മൻ കോര (67)** ഡിസംബർ 8 ന് അമേരിക്കയിൽ നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം ഡിസംബർ 12 ന് ഫ്ലോറിഡയിൽ ഫോറസ്റ്റ് ലോൺ മെമ്മോറിയൽ ഗാർഡൻസിലെ ശുശ്രൂഷകൾക്കുശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പ്രയാർ, കല്ലിശ്ശേരി** : സഹോ. ബ്ലെസ്സൻ കെ. ജോസഫിന്റെ മകൻ **ജോയൽ ബ്ലെസ്സൺ (18)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഡിസംബർ 7 ന് മാടവന ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം കല്ലിശ്ശേരി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

## കൊട്ടാരക്കര ബ്രദറൺ കൺവൻഷൻ

**ബ്രദറൺ ഗോസ്പൽ ഹാൾ - കൊട്ടാരക്കര**

**2023 ജനുവരി 16 മുതൽ 21 വരെ (തിങ്കൾ മുതൽ ശനി വരെ)**

### പ്രതിദിന പരിപാടി

| | | വൈകിട്ട് 5.30 – 6.00 | വൈകിട്ട് 6.15 – 7.15 | പൊതുയോഗം വൈകിട്ട് 7:15 മുതൽ 8:45 വരെ |
|---|---|---|---|---|
| 16–01–23 തിങ്കൾ | രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെ ഭവന സന്ദർശനം | ഗ്രൂപ്പ് പ്രാർത്ഥന | ഗാനശുശ്രൂഷ | Evg. പി. ജി. ജെയിംസ് |
| 17–01–23 ചൊവ്വ | പരസ്യയോഗം | | | Evg. ബിജു ചുവന്നമണ്ണ് |
| 18–01–23 ബുധൻ | സുവിശേഷകന്മാരുടെ സമ്മേളനം സന്ദേശം: സുവി. ബിജു ചുവന്നമണ്ണ് | | | Evg. ജെയിംസ് എം. തോമസ് |
| 19–01–23 വ്യാഴം | കുടുംബസംഗമം സന്ദേശം: സുവി. വർഗീസ് കുര്യൻ | | | Evg. വർഗീസ് കുര്യൻ |
| 20–01–23 വെള്ളി | സോദരീസമാജം വിശേഷാൽ സമ്മേളനം സന്ദേശം: Sis. രാജി സാബു | | | Evg. ജോർജ് മാത്യു |
| 21–01–23 ശനി | YMEF - SBS വിശേഷാൽ സമ്മേളനം (കൊട്ടാരക്കര, പുനലൂർ, പത്തനാപുരം സെന്റർ) | | | Evg. ജോൺ കുര്യൻ |

**ജനുവരി 18 ബുധൻ മുതൽ 21 ശനി വരെ രാവിലെ 7.30 മുതൽ 10.00 വരെ പരസ്യയോഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.**

live streaming: www.genesistv.in

## ബൈബിൾ ലിറ്ററേച്ചർ ഫോറം സ്മരണിക പ്രകാശനം ചെയ്തു

**മാത്യു വൈരമൺ**

ഹൂസ്റ്റൺ: ബൈബിൾ ലിറ്ററേച്ചർ ഫോറത്തിന്റെ ഇരുപതാമതു വാർഷിക യോഗം ഹൂസ്റ്റണിലുള്ള കൊളോണിയൽ ഹിൽസ് ബൈബിൾ ചാപ്പലിൽ ഡോ. സണ്ണി എഴുമറ്റൂരിന്റെ അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡന്റ് പി.റ്റി. ഫിലിപ്പ് എല്ലാവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ ഇരുപതു വർഷത്തെ പ്രവർത്തനങ്ങളെ വിവരിച്ചും ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങളും കവിതകളും ഗാനങ്ങളും ചേർത്തിട്ടുള്ള ഒരു സ്മരണിക ഡോ. സണ്ണി എഴുമറ്റൂർ പി.റ്റി. ഫിലിപ്പിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. ഡോ. അഡ്വ. മാത്യു വൈരമണിന്റെ കവിതകളും ഗാനങ്ങളും ചേർത്ത് "വൈരമണിന്റെ കവിതകൾ" എന്ന പുസ്തകം കൊച്ചുബേബി ഹൂസ്റ്റൺ, സാമുവേൽ തോമസിന് നൽകി കൊണ്ട് പ്രകാശന കർമ്മം നിർവഹിച്ചു.

ഫോറം പ്രസിഡന്റ് ഡോ. സണ്ണി എഴുമറ്റൂർ അദ്ധ്യക്ഷ പ്രസംഗം ചെയ്തു. കെ.എം. ദാനയേൽ, ജോജി ജോൺ, മിനി ഡാനിയേൽ, കൊച്ചുബേബി ഹൂസ്റ്റൺ, ചാക്കോ മത്തായി, അനീഷ് തങ്കച്ചൻ, ജോർജി പാറയിൽ എന്നിവർ ഗാനങ്ങൾ ആലപിക്കുകയും ലീനാ നിതിൻ ഒരു ലേഖനം അവതരിപ്പിക്കുകയും ചെയ്തു. ജോൺസൺ ജോൺ വചനശുശ്രൂഷ നിർവ്വഹിച്ചു. അലക്സാണ്ടർ ഡാനിയേൽ, റെയ്ണ്ട് ജോൺസൺ എന്നിവർ ആശംസകൾ അർപ്പിക്കുകയും വർഗ്ഗീസ് ഫിലിപ്പും ജെയിംസ് സാമുവേലും പ്രാർത്ഥിക്കുകയും ചെയ്തു. സെക്രട്ടറി ഡോ. മാത്യു വൈരമൺ എല്ലാവർക്കും കൃതജ്ഞത പറഞ്ഞു. ഹൂസ്റ്റണിലുള്ള വിവിധ സഭകളിൽ നിന്നുള്ള സാഹിത്യകാരന്മാരും ആസ്വാദകരുമായി വലിയ ഒരു കൂട്ടം ആളുകൾ ഈ യോഗത്തിൽ സംബന്ധിച്ചു.

## സോദരീസമാജം കൊട്ടാരക്കര

കൊട്ടാരക്കര കൺവൻഷനോടനുബന്ധിച്ച് കൊട്ടാരക്കര, പുനലൂർ, അടൂർ സോദരിസമാജം സെന്ററുകളുടെ ഒരു സംയുക്തയോഗം ദൈവഹിതമായാൽ 2023 ജനുവരി 20 വെള്ളിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ കൊട്ടാരക്കരപുലമൺ ഗോസ്പൽ ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ സഹോദരിമാരും പ്രാർത്ഥനാപൂർവ്വം കടന്നുവരണമെ.

സോദരീസമാജത്തിനുവേണ്ടി

ലാലി മാത്യു, 9447232782

## സുവിശേഷകൻ ബാലസംഘം
### പുനലൂർ സെന്റർ

### ഫാമിലി കോൺഫറൻസ് & ചിൽഡ്രൻസ് മീറ്റ്

**2022 ഡിസംബർ 26, 27 (തിങ്കൾ, ചൊവ്വ) രാവിലെ 9.00 മുതൽ വൈകിട്ട് 4.30 വരെ**
**പുനലൂർ ചെമ്മന്തൂർ ബ്രദറൺ ഗോസ്പൽ ഹാൾ, പൈനാപ്പിൾ ജംഗ്ഷൻ**

പ്രധാന ലീഡേഴ്സ് : **സുവി. ജോയി ജോൺ (ബാംഗ്ലൂർ),**
**സുവി. ബെൻസിക് മിറാൻഡാ (തിരുവനന്തപുരം),**
**സഹോ. രാജൻ തോമസ് (അടൂർ)**

**കുഞ്ഞുങ്ങൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും കുടുംബസമേതം പങ്കെടുക്കാം!**

## ചിന്ത TVS — ദൈവസ്നേഹം ഉള്ളിൽ വാസം ചെയ്യുമ്പോൾ

"സത്യവേദപുസ്തകത്തിന്റെ മുഖമുദ്രയാണ് ദൈവസ്നേഹം" എന്തുകൊണ്ടാണ് ദൈവം സ്നേഹം തന്നെയെന്ന് പറയാൻ കാരണം? ഇന്ന് ലോകത്തിൽ ധാരാളം ദേവന്മാർ ഉണ്ട്. "ആ ദേവന്മാർ സ്നേഹം തന്നെ"യെന്ന് പറയുവാൻ ആർക്കും കഴിയുകയില്ല. ശരിയായ ഒരു ദൈവത്തിന്റെ സ്വഭാവസവിശേഷത എന്നുപറയുന്നത് ആ ദൈവത്തിൽ നിന്ന് പുറപ്പെടുന്ന സ്നേഹത്തിന്റെ മഹത്വത്തിന്റെ പ്രതിഫലനമാണ് അതിന് മുഖാന്തരമായി ഭവിക്കുന്നത്. ജാതികളുടെ ദേവന്മാർ ഒക്കെയും മിഥ്യാമൂർത്തികളത്രെ. അവയ്ക്ക് മനുഷ്യനെ സ്നേഹിപ്പാൻ കഴിയുകയില്ല. സ്നേഹം എവിടെ നിന്നാണ് വരുന്നത്? സ്നേഹം ദൈവത്തിൽ നിന്നാണ് വരുന്നത്. കാരണം ദൈവം സ്നേഹത്തിന്റെ ഉറവിടമാണ്. ലോകത്തിൽ ഏറ്റവും വിലയുള്ളതും മനുഷ്യൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്വഭാവം സ്നേഹം തന്നെയാണ്. ലോകത്തിൽ എന്തെല്ലാം ഉണ്ടായാലും സ്നേഹം ഇല്ലായെങ്കിൽ ഒന്നും ഇല്ല, ഒരു പ്രയോജനവും ഇല്ലായെന്ന് സ്നേഹത്തെക്കുറിച്ച് മനസ്സിലാക്കിയ അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം പതിമൂന്നാം അദ്ധ്യായത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവസ്നേഹത്തിന്റെ ആഴത്തെക്കുറിച്ച് നമുക്ക് അറിയാൻ കഴികയില്ല. എന്നാൽ ദൈവസ്നേഹത്തിന്റെ പ്രദർശനം നമുക്ക് കാൽവറിയിലെ ക്രൂശിൽ യാഗമായിതീർന്ന കർത്താവിനെ നോക്കിയാൽ അറിയാവുന്നതാണ്.

**ദൈവം സ്നേഹത്തിന്റെ ഉറവിടമാണ്. ലോകത്തിൽ ഏറ്റവും വിലയുള്ളതും മനുഷ്യൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സ്വഭാവം സ്നേഹം തന്നെയാണ്. ലോകത്തിൽ എന്തെല്ലാം ഉണ്ടായാലും സ്നേഹം ഇല്ലായെങ്കിൽ ഒന്നും ഇല്ല**

ഒരിക്കൽ കുഷ്ഠരോഗിയായ ഒരു ഭിക്ഷക്കാരൻ ഒരു വീട്ടിൽ ചെന്നു. ഗൃഹനാഥ പത്തുപൈസ എടുത്തുകൊണ്ട് അടുത്തുചെന്നു. "എവിടെയാണ് വീട്" എന്ന് അയാളോട് ചോദിച്ചു.മറുപടി; കുഷ്ഠരോഗിക്ക് വീടോ? ആർക്കും വേണ്ടാത്ത ഞാൻ, സമൂഹം അകറ്റി നിർത്തിയ ഞാൻ ഇങ്ങനെ അലഞ്ഞുതിരിയുന്നു. ലഭിച്ച തുച്ഛം പിച്ചക്കാശ് കൊണ്ട് ഹോട്ടലിൽ നിന്ന് എന്തെങ്കിലും വാങ്ങി ഭക്ഷിച്ച് വല്ല മരച്ചുവട്ടിലോ, കടത്തിണ്ണയിലോ കിടന്നുറങ്ങും. അങ്ങനെ എന്റെ ജീവിതയാത്ര തുടരുകയാണ് അമ്മ. പിന്നീട് അയാൾ സ്ഥലം വിട്ടു. ഏതാനും മാസങ്ങൾ കഴിഞ്ഞ് വീണ്ടും ആ കുഷ്ഠരോഗി അതേ വീട്ടിൽ ചെന്നു. വീട്ടമ്മ ഇറങ്ങിച്ചെന്ന് ചോദിച്ചു. ഇത്രനാൾ എവിടെയായിരുന്നു. "ഞാൻ ജീവൻ നിലനിർത്തുവാൻ ഒരു ചാൺ വയറിനുവേണ്ടി ഊര് ചുറ്റി നടന്ന് വീണ്ടും ഇവിടെയെത്തി. ഇപ്പോൾ ഞാൻ വന്നത് അമ്മയുടെ പത്തുപൈസയ്ക്ക് വേണ്ടിയല്ല. പിന്നെ എന്തിനാണ്?"

അതെ പറയാം; പലരും അകലെ നിന്നുകൊണ്ട് എനിക്ക് പിച്ചക്കാശ് എറിഞ്ഞുതരും. ചിലർ പറയും അങ്ങ് അകലെ നിന്നാൽ മതിയെന്ന്. കോളിംഗ് ബെൽ അടിക്കേണ്ട, സ്വൈരം കെടുത്താൻ വന്നിരിക്കയാണ്, ചിലർ വിരട്ടി ഓടിക്കും. സത്യം പറയട്ടെ; അമ്മ തരുന്ന പത്തുപൈസയേക്കാൾ ഞാൻ വിലമതിക്കുന്നത് സ്നേഹപൂർവ്വം അമ്മ തരുന്ന ഒരു വാക്കുമാത്രമാണ്. അത് എന്റെ ഹൃദയത്തെ കുളിർമയണിയിക്കുന്നു. അമ്മയുടെ സ്നേഹപൂർണ്ണമായ വാക്കുകൾ കേട്ട് സമാധാനമായി കിടന്നുറങ്ങാൻ വേണ്ടിയാണ്.

ആധുനിക ലോകത്തിന്റെ ഇരുളടഞ്ഞ ഹൃദയത്തിലൂടെ ഇഴഞ്ഞ് ചേക്കേറുന്ന ക്രൂരതയുടെ മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. സ്നേഹത്തിന്റെ കണികപോലും കാണാൻ കഴിയാത്ത അവസ്ഥ. എന്റെയും നിങ്ങളുടെയും അടുക്കലേക്ക് വലിയവനായ ദൈവം പാവപ്പെട്ടവരുടെ കരങ്ങളിൽക്കൂടെ സഹായത്തിനായി കൈനീട്ടുമ്പോൾ നാം എത്രപ്രാവശ്യം അതിനെ അവഗണിച്ചിട്ടുണ്ട്. എത്രയോ പ്രാവശ്യം നിരാശയോടെ അവർ മടങ്ങിപ്പോയിട്ടുണ്ട്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ അളവു പലരീതിയിലും തൂക്കിനോക്കുന്നവനാണ് നമ്മുടെ ദൈവം. നിസ്വാർത്ഥമായ ദൈവസ്നേഹം കാൽവരിയിലെ ക്രൂശിതരൂപത്തിലൂടെ ദൈവം ലോകത്തിന് വെളിപ്പെടുത്തി. കുഷ്ഠരോഗിയെ കരുതിയ അമ്മയുടെ സ്നേഹം പോലെയെങ്കിലും നമുക്ക് കർത്താവിനോടും മറ്റുള്ളവരോടും ഉണ്ടോ? അതോ ശത്രുത മനോഭാവം ആണോ നമുക്കുള്ളത്? ചിന്തിക്കുക. ●

**SUVISESHADHWANI**

Fortnightly
Vol. 41 Issue 34
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 17-12-2022
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum